# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചളവറ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA PKD-16/1188/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 14/07/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചളവറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചളവറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചളവറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA PKD-16/1188/22 തീയ്യതി: 14/07/2022

## പാലക്കാട് ജില്ലയിലെ ചളവറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ ചളവറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-09-2019 മുതൽ 02-04-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 20-04-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഇ. ശശിഭൂഷൺ. | ഡെപ്യൂട്ടി ഡയറക്ടർ. | 12-04-2022 | 21-04-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 12-04-2022 | 21-04-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. യു. ബിജു ആന്റണി., ഓഡിറ്റ് ഓഫീസർ,
ശ്രീ. കെ.സി.ഹരിഗോബിന്ദ്, അസി. ഓഡിറ്റ് ഓഫീസർ,
ശ്രീ. കെ.വി.രാജൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ,
ശ്രീമതി. എം.വി.ബിന, സീനിയർ ഗ്രേഡ് ഓഡിറ്റർ,

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. വത്സല .പി. | പ്രസിഡന്റ് | 01-04-2020 | 21-11-2020 |

| | | | |
|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 22-11-2020 | 20-12-2020 |
| ശ്രീ. ഇ.ചന്ദ്രബാബു | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ശ്രീ. ഫാസിൽ ഷാ | സെക്രട്ടറി | 01-04-2020 | 24-06-2020 |
| ശ്രീ. രഞ്ജിത്ത്. ആർ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 25-06-2020 | 21-07-2020 |
| ശ്രീ. ഷിബു കുമാർ.എസ്. | സെക്രട്ടറി | 22-07-2020 | 23-08-2022 |
| ശ്രീമതി. വത്സല .പി. | സെക്രട്ടറി | 24-08-2020 | 01-02-2021 |
| ശ്രീ. രഞ്ജിത്ത്. ആർ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-02-2021 | 07-03-2021 |
| ശ്രീ. രാജീവ്. എസ്.കെ | സെക്രട്ടറി | 08-03-2021 | 31-03-2021 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. സനകൻ | അസി.എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീമതി. ഗ്ലോറി.ഡി | അസി. സെക്രട്ടറി | 01-04-2020 | 14-06-2020 |
| ശ്രീ. രഞ്ജിത്ത്. ആർ. | അസി. സെക്രട്ടറി | 15-06-2020 | 31-03-2021 |
| ശ്രീമതി. മീര.എ.വി. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ.സുജിത്ത് | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| ഡോ.ലീയാക്കത്ത് അലി. | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 01-04-2020 | 09-05-2020 |
| ഡോ.മുഹമ്മദ് ഹനീഫ് ഹുസൈൻ | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 08-05-2020 | 31-03-2021 |
| ഡോ . ഷമീർ ബാബു. | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2020 | 22-03-2021 |
| ഡോ.ഷബാന | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 23-03-2021 | 31-03-2021 |
| ഡോ.അനുരൂപ്. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 31-03-2021 |
| സ്വാതി.പി.എസ്. | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ. വിജയൻ.കെ | വി.ഇ.ഓ | 01-04-2020 | 31-03-2021 |
| ശ്രീമതി. ഉമൈബ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |

-

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: K.C.Harigobind (Senior Grade Auditor, On 17-04-2022)<br>Last Updated By: Haseena KU (Computer Assistant, On 13-07-2022) | 1 |
| 2 | റിവൈസ്ഡ് ബജറ്റ്.<br>Written By: K.C.Harigobind (Senior Grade Auditor, On 17-04-2022)<br>Last Updated By: Haseena KU (Computer Assistant, On 13-07-2022) | 1-1 |
| 3 | വാർഷിക ധനകാര്യ പത്രിക<br>Written By: K.C.Harigobind (Senior Grade Auditor, On 23-04-2022)<br>Last Updated By: Haseena KU (Computer Assistant, On 13-07-2022) | 1-2 |
| 4 | വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ<br>Written By: K.C.Harigobind (Senior Grade Auditor, On 23-04-2022)<br>Last Updated By: K.C.Harigobind (Senior Grade Auditor, On 24-04-2022) | 1-2-1 |
| 5 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: K.C.Harigobind (Senior Grade Auditor, On 12-04-2022)<br>Last Updated By: Haseena KU (Computer Assistant, On 13-07-2022) | 1-3 |
| 6 | ഫണ്ട് വിനിയോഗം<br>Written By: K.C.Harigobind (Senior Grade Auditor, On 12-04-2022)<br>Last Updated By: Haseena KU (Computer Assistant, On 13-07-2022) | 1-4 |
| 7 | പദ്ധതി അവലോകനം<br>Written By: K.C.Harigobind (Senior Grade Auditor, On 12-04-2022)<br>Last Updated By: Haseena KU (Computer Assistant, On 13-07-2022) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Biju Antony (Audit Officer, On 19-04-2022)<br>Last Updated By: Haseena KU (Computer Assistant, On 13-07-2022) | 1-6 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: K.C.Harigobind (Senior Grade Auditor, On 12-04-2022)<br>Last Updated By: Haseena KU (Computer Assistant, On 13-07-2022) | 1-7 |
| 10 | ക്യാഷ് പരിശോധന<br>Written By: M.V.Beena (Senior Grade Auditor, On 17-05-2022)<br>Last Updated By: Haseena KU (Computer Assistant, On 13-07-2022) | 1-8 |
| 11 | ആഭ്യന്തിര നിയന്ത്രണം<br>Written By: Biju Antony (Audit Officer, On 18-05-2022)<br>Last Updated By: Haseena KU (Computer Assistant, On 13-07-2022) | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: K.C.Harigobind (Senior Grade Auditor, On 12-04-2022)<br>Last Updated By: Haseena KU (Computer Assistant, On 13-07-2022) | 1-10 |
| 13 | ഫാക്ടറികൾക്കും വ്യാപാരസ്ഥാപനങ്ങൾക്കും സംരഭപ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ - ലൈസൻസ് ഫീസ് കുറവായി ഈടാക്കി<br>Written By: M.V.Beena (Senior Grade Auditor, On 28-04-2022)<br>Last Updated By: Haseena KU (Computer Assistant, On 13-07-2022) | 1-11 |
| 14 | തൊഴിൽനികുതിരേഖകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ<br>Written By: M.V.Beena (Senior Grade Auditor, On 28-04-2022)<br>Last Updated By: Haseena KU (Computer Assistant, On 13-07-2022) | 1-12 |
| 15 | നിഷ്ക്രിയ ബാങ്ക് അക്കൗണ്ടിലെ നിക്കീയിരിപ്പ് തുക സഞ്ചിത നിധിയിലേക്ക് ഒടുക്കണം<br>Written By: K.V.Rajan (Senior Grade Auditor, On 06-05-2022)<br>Last Updated By: Haseena KU (Computer Assistant, On 13-07-2022) | 1-13 |
| 16 | ആർട്ട്ക്കോയിൽ നിന്നുള്ള വാങ്ങലുകൾ - ജി എസ് ടി - ടി.ഡി.എസ് ഈടാക്കിയിട്ടില്ല.<br>Written By: K.V.Rajan (Senior Grade Auditor, On 06-05-2022)<br>Last Updated By: Haseena KU (Computer Assistant, On 13-07-2022) | 1-14 |

| | | |
|---|---|---|
| 17 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അനുവദിച്ചത് ക്രമ പ്രകാരമല്ല<br>Written By: K.V.Rajan (Senior Grade Auditor, On 17-05-2022)<br>Last Updated By: Haseena KU (Computer Assistant, On 13-07-2022) | 1-15 |
| 18 | 2020-21 വർഷത്തെ അനുപൂരക പോഷകാഹാര വിതരണ പ്രോജക്റ്റുകൾ - ജി.എസ്.ടി- ടി.ഡി.എസ് കിഴിവ് നടത്തിയില്ല<br>Written By: K.V.Rajan (Senior Grade Auditor, On 17-05-2022)<br>Last Updated By: Haseena KU (Computer Assistant, On 13-07-2022) | 1-16 |
| 19 | തെരുവ് വിളക്കുകൾ സ്ഥാപിച്ചതിനുള്ള KSEB എ.ഇ. യുടെ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.<br>Written By: K.C.Harigobind (Senior Grade Auditor, On 25-04-2022)<br>Last Updated By: Haseena KU (Computer Assistant, On 13-07-2022) | 1-17 |
| 20 | സാമൂഹ്യ സുരക്ഷ പെൻഷനുകൾ.<br>Written By: K.C.Harigobind (Senior Grade Auditor, On 25-04-2022)<br>Last Updated By: Haseena KU (Computer Assistant, On 13-07-2022) | 1-18 |
| 21 | തെരുവ് വിളക്കുകളുടെ പരിപാലനം.<br>Written By: K.C.Harigobind (Senior Grade Auditor, On 25-04-2022)<br>Last Updated By: Haseena KU (Computer Assistant, On 13-07-2022) | 1-19 |
| 22 | വാഹന പരിപാലനം - രജിസ്റ്ററുകൾ/രേഖകൾ സൂക്ഷിക്കുന്നില്ല.<br>Written By: K.C.Harigobind (Senior Grade Auditor, On 25-04-2022)<br>Last Updated By: Haseena KU (Computer Assistant, On 13-07-2022) | 1-20 |
| 23 | മത്സരാധിഷ്ഠിത ടെണ്ടറുകൾ ഫലപ്രദമായി നടക്കുന്നു.<br>Written By: Biju Antony (Audit Officer, On 18-05-2022)<br>Last Updated By: Haseena KU (Computer Assistant, On 13-07-2022) | 1-21 |
| 24 | പൊതുമരാമത്ത് പ്രവൃത്തികൾ- പൊതുഅപാകതകൾ<br>Written By: Biju Antony (Audit Officer, On 18-05-2022)<br>Last Updated By: Haseena KU (Computer Assistant, On 06-07-2022) | 1-22 |
| 25 | മരാമതത്ത് പ്രവൃത്തികൾ- രേഖകളുടെ സൂക്ഷിപ്പ് സംബന്ധിച്ച്<br>Written By: Biju Antony (Audit Officer, On 18-05-2022)<br>Last Updated By: Haseena KU (Computer Assistant, On 13-07-2022) | 1-23 |
| 26 | പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും പിഴ ഈടാക്കിയിട്ടില്ല.<br>Written By: Biju Antony (Audit Officer, On 18-05-2022)<br>Last Updated By: Haseena KU (Computer Assistant, On 13-07-2022) | 1-24 |
| 27 | നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രമെന്റ് വെച്ചിട്ടില്ല. എന്നിട്ടും നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല.<br>Written By: Biju Antony (Audit Officer, On 16-05-2022)<br>Last Updated By: Haseena KU (Computer Assistant, On 13-07-2022) | 1-25 |
| 28 | കുടിവെള്ളപദ്ധതികളുടെ അറ്റകുറ്റപ്പണികളിൽ  മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല.<br>Written By: Biju Antony (Audit Officer, On 16-05-2022)<br>Last Updated By: Haseena KU (Computer Assistant, On 13-07-2022) | 1-26 |
| 29 | റോഡ് പ്രവൃത്തിയിൽ മരാമത്ത് മാന്വലിലെ നിബന്ധനകൾ പാലിച്ചിട്ടില്ല.<br>Written By: Biju Antony (Audit Officer, On 16-05-2022)<br>Last Updated By: Haseena KU (Computer Assistant, On 13-07-2022) | 1-27 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യ പത്രം നൽകിയതിന്റെ വിവരം.<br>Written By: K.C.Harigobind (Senior Grade Auditor, On 17-04-2022)<br>Last Updated By: Haseena KU (Computer Assistant, On 13-07-2022) | 4-1 |

| | | |
|---|---|---|
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.<br>Written By: K.C.Harigobind (Senior Grade Auditor, On 17-04-2022)<br>Last Updated By: Haseena KU (Computer Assistant, On 13-07-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: K.C.Harigobind (Senior Grade Auditor, On 17-04-2022)<br>Last Updated By: Haseena KU (Computer Assistant, On 13-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: K.C.Harigobind (Senior Grade Auditor, On 17-04-2022)<br>Last Updated By: K.C.Harigobind (Senior Grade Auditor, On 17-04-2022) | 4-4 |
| 5 | വായ്പ, വായ്പാ തിരിച്ചടവ്<br>Written By: K.C.Harigobind (Senior Grade Auditor, On 17-04-2022)<br>Last Updated By: Haseena KU (Computer Assistant, On 13-07-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ.<br>Written By: K.C.Harigobind (Senior Grade Auditor, On 17-04-2022)<br>Last Updated By: K.C.Harigobind (Senior Grade Auditor, On 17-04-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: K.C.Harigobind (Senior Grade Auditor, On 17-04-2022)<br>Last Updated By: Haseena KU (Computer Assistant, On 13-07-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: K.C.Harigobind (Senior Grade Auditor, On 17-04-2022)<br>Last Updated By: Haseena KU (Computer Assistant, On 13-07-2022) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിശദാംശങ്ങൾ<br>Written By: Biju Antony (Audit Officer, On 18-05-2022)<br>Last Updated By: Biju Antony (Audit Officer, On 18-05-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Biju Antony (Audit Officer, On 18-05-2022)<br>Last Updated By: E.Sasibhooshan (Deputy Director, On 14-07-2022) | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ<br>Written By: Biju Antony (Audit Officer, On 18-05-2022)<br>Last Updated By: E.Sasibhooshan (Deputy Director, On 14-07-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം. | |

## ഭാഗം -1

## പൊതു അവലോകനം

### 1 ബജറ്റ്

ഭരണസമിതിയുടെ 19.02.2021 ലെ 4-ാം നം. തീരുനമാന പ്രകാരം ബജറ്റിന് അംഗീകാരം ലഭ്യമായിട്ടുണ്ട്.

ബജറ്റിന്റെ വിശദവിവരങ്ങൾ :

| | |
|---|---|
| മുന്നിരിപ്പ് | 2,27,17,843 |
| വരവ് | 13,98,33,000 |
| ആകെ | 16,25,50,843 |
| ചെലവ് | 13,67,02,498 |
| നീക്കിയിരിപ്പ് | 2,58,48,345 |

ഘടക സ്ഥാപാപന മേധാവികൾ നോൺ പ്ലാൻ എസ്റ്റിറ്റുകൾ അനുവദനീയമായ സമയക്രമത്തിനുള്ളിൽ (13.01.2021ന് ) സമർപ്പിച്ച് നിർവഹണ ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത് അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്.

### 1-1 റിവൈസ്ഡ് ബജറ്റ്.

1994പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 214(5) പ്രകാരം വരവ്, ചെലവുകളെ സംബന്ധിച്ച് ബജറ്റ് എസ്റ്റിമേറ്റിൽ മാറ്റം വരുത്തുവാൻ അനിവാര്യമെങ്കിൽ അനുപൂരകമോ, പുതുക്കിയതോ ആയ ഒരു ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി പഞ്ചായത്തിന്റെ മുമ്പാകെ സമർപ്പിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു.

ഭരണസമിതിയുടെ 19.02.2021 ലെ 4-ാം നം തീരുമാന പ്രകാരം ബജറ്റിനുള്ള അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. വിശദവിവരങ്ങൾ:

| | |
|---|---|
| മുന്നിരിപ്പ് | 11,12,421 |
| വരവ് | 99,249,492 |
| ആകെ | 10,03,61,913 |
| ചെലവ് | 9,91,57,562 |
| നീക്കിയിരിപ്പ് | 12,04,351 |

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 3-5-21 | . | . |

### 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ

1.ഹഡ്കോ ഭവന വായ്പയ്ക്കായി പ്രത്യേക രജിസ്റ്റർ സൂക്ഷിച്ച് വരുന്നില്ല.

2.ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

3.സ്റ്റോക്ക് രജിസ്റ്ററിൽ യതാർത്ഥ മൂല്യം ചേർത്ത് സൂക്ഷിച്ച് വരുന്നില്ല.

4.പ്രോപ്പർട്ടി ടാക്സ് അരിയേർസ്, കറണ്ട്, പ്രൊഫഷനൽ ടാക്സ് ഫോർ ഇൻസ്റ്റിറ്റ്യൂഷൻ/ട്രേഡർസ്, എന്നിയുടെ സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലുകളോട് കൂടിയ DCB രജിസ്റ്ററുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

5.റെന്റ് ഫ്രം ഓഡിറ്റോറിയംസ്, അതർ റെന്റ് (2020-2021) എന്നിവയുടെ രജിസ്റ്ററുകളും ഓഡിറ്റിന് ഹാജരാക്കുകയുണ്ടായില്ല.

6.ഓഡിറ്റ് റിക്കവറി രജിസ്റ്റർ AFS ലെ കണക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

7.പഞ്ചായത്തിന്റെ ദുരിതാശ്വാസ നിധിയുടെ വരവ്/ചെലവുകൾക്കായുള്ള പ്രത്യേക ക്യാഷ് ബുക്ക് ഓഡിറ്റിന് ഹാജരാക്കുകയുണ്ടായില്ല.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,77,18,571 |
| വരവ് | 8,40,30,293 |

| | |
|---|---|
| ആകെ | 10,17,48,864 |
| ചെലവ് | 8,84,37,144 |
| നീക്കിയിരിപ്പ് | 1,33,11,720 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | - | 11,247,358 | 11,247,358 | 11,247,358 | - |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | - | 1,29,8,0176 | 1,29,8,0176 | 1,211,6,783 | 8,63,393 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | - | 1,81,48,000 | 1,81,48,000 | 18,12,1,720 | 26,280 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ /അൺടൈഡ് ബേസിക്ക് ഗ്രാന്റ് (ACR പ്രകാരം) | | - | 9,06,2,594 | 9,06,2,594 | 6,26,9,536 | 27,93,058 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ /ടൈഡ് ഗ്രാന്റ് (ACR പ്രകാരം) | | - | 4,47,0,000 | 4,47,0,000 | 1,81,4,575 | 2,65,5,425 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) TSC | | 1942433 | - | 1942433 | 1942433 | Nil |
| ICDS | | 502810 | - | 502810 | 224534 | 278276 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | - | - | - | - | - |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 9715116 | - | 9715116 | 9715116 | Nil |
| | ജില്ലാ പഞ്ചായത്ത് | 1703871 | 848800 | 2552671 | 1248800 | 1303871 |

1. ACR പ്രകാരമുള്ള GPG അക്കൗണ്ടിലെ കണക്കുകളിൽ പ്ലാൻ ചെലവുകൾ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 247 | 11,46,11,618 | 169 | 64,66,2382 | Nil | 78 | 68 |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവ് |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 06 | 06 | 5,55,6,740 | 4,84,2,659 | 87.15 |
| വി.ഇ.ഒ. | 16 | 16 | 2,91,47,294 | 1,0,77,2,767 | 36.96 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 08 | 06 | 5,81,1,185 | 4,92,2918 | 84.71 |
| സെക്രട്ടറി | 34 | 26 | 7,72,4,523 | 3,421,369 | 44.29 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 155 | 119 | 5,23,11,909 | 3,24,09,413 | 61.95 |
| മെഡിക്കൽ ഓഫീസർ - പി.എച്ച്.സി | 01 | 01 | 5,50,000 | 5,25,089 | 95.47 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 03 | 03 | 5,54,502 | 5,54,502 | 100 |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ | 03 | 03 | 11,50,000 | 11,49,995 | 100 |
| അസിസ്റ്റന്റ് സെക്രട്ടറി | 15 | 10 | 6,51,5,465 | 5,00,3,759 | 76.80 |
| വെറ്ററിനറി സർജ്ജൻ | 06 | 05 | 52,90,000 | 15,85,000 | 29.96 |
| ആകെ | 247 | 169 | 11,46,11,618 | 6,46,62,382 | 56.42 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 1627453 | 1627453 | 1627263* | 190 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 15362728 | 15362728 | 15362728 | |
| ആകെ | | 16990181 | 16990181 | 16989991 | 190 |

*291510 രൂപയും 1335753 രൂപയും (അഡ്വാൻസ് റീക്കുപ്പ്മെന്റ് ) ചേർന്ന തുക

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | - | - |
| കർഷകതൊഴിലാളി പെൻഷൻ | 46,42,300 | 251 |
| വിധവാപെൻഷൻ | 17068000 | 1112 |
| വാർദ്ധക്യകാലപെൻഷൻ | 25028600 | 1826 |
| വികലാംഗപെൻഷൻ | 4859300 | 315 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 22,68,500 | 154 |
| പാവപ്പെട്ട വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 3,30,000 | 11 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 6 (4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06-04-2022 തിയ്യതിയിൽ സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3389 /- രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരുപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തിര നിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ വിഷയങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപ്പിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ 2020-21 വരെ ലഭ്യമായിട്ടുണ്ട്. പിന്നീട് സർട്ടിഫിക്കേഷൻ പുതുക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

ഫ്രണ്ട് ഓഫീസിൽ ഒരു ദിവസം ഒരാളെയാണ് ചുമതലപ്പെടുത്തുന്നത്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. കളക്ട് ചെയ്യുന്ന തുക അതേ ദിവസം അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ബാങ്കിൽ അടവാക്കുകയും അടവു വിവരം പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്.

എന്നാൽ ചില രസീതിബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയിട്ടില്ല. കേരള ട്രെഷറി കോഡ് വാല്യം 1 ആർട്ടിക്കിൾ 92(ബി) കുറിപ്പ് 2 പ്രകാരം ഓരോ രശീതി ബുക്കും സൂക്ഷ്മമായി പരിശോധിക്കേണ്ടതും ഓരോ ബുക്കിലേയും ഫോറങ്ങളുടെയും എണ്ണം പരിശോധിച്ച് സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് പുറം ചട്ടയുടെ ഉൾഭാഗത്ത് ചേർക്കേണ്ടതാണ്.

ബുക്ക് ഓഫ് അക്കൗണ്ട്സും ബാങ്ക് ബാലൻസും തമ്മിൽ മാസാന്ത്യ/വർഷാന്ത്യ റീകൺസീലിയേഷൻ നടത്തി

സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്.

2019-20, 2020-21 വർഷങ്ങളിലെ സംയുക്ത പ്രോജക്ടുകൾക്കായി ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും ലഭ്യമായ തുകയുടെ വിവരം രേഖപ്പെടുത്തുന്നതിന് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
എല്ലാ പേയ്മെന്റുകളും ശരിയായ രീതിയിൽ വൗച്ചർ ചെയ്യപ്പെടുന്നുണ്ട്. വൗച്ചറിനോടൊപ്പം ഒറിജിനൽ ബില്ലുകൾ സൂക്ഷിക്കുന്നുണ്ട്. വൗച്ചറുകളിൽ സെക്രട്ടറി, പ്രസിഡന്റ് എന്നിവർ ഒപ്പ് വെച്ച് ആധികാരികമാക്കി സൂക്ഷിച്ചിട്ടുണ്ട്.

പഞ്ചായത്ത് മീറ്റിംഗിന് സകർമ്മ സോഫ്റ്റ്‌വെയറിലൂടെയാണ് മിനുട്ട്സ് തയ്യാറാക്കുന്നത്.

2019-20, 2020-21 ലും മറ്റു നികുതികളുടെയും ലൈസൻസ് ഫീസുകളുടെയും ഡി.സി.ബി പ്രത്യേകം തയ്യാറാക്കിയിട്ടില്ല. വസ്തുനികുതി മാത്രമാണ് സാംഖ്യ സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിച്ചിട്ടുള്ളത്. ടാക്സുകൾ യഥാസമയം പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്ഥാപനം സ്വീകരിക്കുന്നുണ്ട്.

പ്രൊക്യൂർമെന്റ്കമ്മിറ്റിയുടെഅംഗീകാരത്തോടെയാണ് പർച്ചേസുകൾ നടത്തിയിട്ടുള്ളത്.

മരാമത്ത് പ്രവൃത്തികളിൽ തിരഞ്ഞെടുത്ത കരാറുകാർ സമർപ്പിക്കുന്ന സെക്യൂരിറ്റി തുകയോ ബോണ്ടുകളോ സൂക്ഷിക്കുന്നത് സംബന്ധിച്ചുള്ള രേഖപ്പെടുത്തലുകൾ നടത്തുന്ന റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഓരോ ടെണ്ടറിനും കരാറുകാർക്ക് വിതരണം ചെയ്യുന്ന ടെണ്ടർ ഫോമുകളുടെ ഇഷ്യൂ റജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഓരോ വർക്കിനും എത്ര ടെണ്ടർ ഫോമുകൾ വിതരണം നടത്തി എന്ന് വ്യക്തമല്ല. ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള റോഡിന്റെ സമഗ്രമായ വിവരങ്ങൾ രേഖപ്പെടുത്തുന്ന റോഡ് റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള ആസ്തികളുടെ സമഗ്രമായ വിവരങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.03.2022 | 2022 ഫെബ്രുവരി | 22.03.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.07.2009 മുതൽ 3.08.2009 വരെ | 2004-05 മുതൽ 2008-09 | 16.09.2009 |

1-11 ഫാക്ടറികൾക്കും വ്യാപാരസ്ഥാപനങ്ങൾക്കും സംരഭപ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ - ലൈസൻസ് ഫീസ് കുറവായി ഈടാക്കി

ചളവറ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന അമൃത ഓയിൽ പ്രോഡക്റ്റ്സ് എന്ന സ്ഥാപനത്തിന്റെ അപേക്ഷയിൽ ആകെ മൂലധനനിക്ഷേപമായി രേഖപ്പെടുത്തിയിട്ടുള്ളത് 2500000 രൂപയാണ്. 1996 -ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം7, 18, 19,20,21,22 - പട്ടിക -II പ്രകാരം ഉല്പാദനമേഖലയിൽ 25 ലക്ഷം രൂപയിൽ കവിയാത്ത മൂലധനനിക്ഷേപമുള്ള സ്ഥാപനങ്ങൾക്ക് 500 രൂപ വാർഷികലൈസൻസ് ഫീസ് ചുമത്താവുന്നതാണ്. 10 Hp യന്ത്രം ഉപയോഗിക്കുന്ന ടി സ്ഥാപനത്തിന് പട്ടിക IIIപ്രകാരം 100 രൂപയും ഈടാക്കാവുന്നതാണ്. ആകെ 600 രൂപ ലൈസൻസ് ഫീസ് ഈടാക്കേണ്ടതിനു പകരമായി 400 രൂപയാണ് ലൈസൻസ് ഫീസ് ആയി ഈടാക്കിയിട്ടുള്ളത് . ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 10/18.04.2022.) കുറവായി ഈടാക്കിയ തുകയായ 200 രൂപ ലൈസൻസിയിൽ നിന്ന് ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

1-12 തൊഴിൽനികുതിരേഖകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1), 204(2) എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പരിധിയിൽ താമസിച്ചുകൊണ്ട് ഒരു വ്യക്തി ഓരോ അർദ്ധ വർഷവും തുടർച്ചയായോ, പലപ്പോഴായോ 60 ദിവസത്തിൽ കുറയാതെ താമസിച്ചുകൊണ്ട് തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, ബിസിനസ് നടത്തുകയോ പൊതുവോ, സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്.ചളവറ ഗ്രാമപഞ്ചായത്ത് പരിധിയിലെ വിവിധ തൊഴിൽ

മേഖലകളിൽ ഏർപ്പെട്ടിരിക്കുന്നവരിൽ നിന്നും ഈടാക്കിയ തൊഴിൽ നികുതിയുടെ കൃത്യത പരിശോധിക്കുന്നതിനായി ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ . കണ്ടെത്തിയ അപാകതകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1). മോളൂർ സെൻട്രൽസ്കൂൾ എന്ന സ്ഥാപനത്തിലെ ജീവനക്കാരിയുടെ ഒന്നാം അർദ്ധവർഷ തൊഴിൽനികുതി കുറവായി ഈടാക്കിയിരിക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേര് | തസ്തിക | അർദ്ധവർഷവരുമാനം | ഈടാക്കിയ നികുതി | ഈടാക്കാവുന്ന നികുതി | കുറവ് |
|---|---|---|---|---|---|---|
| 1 | ശ്രീദേവി. പി | PGT | 77100 | 600 | 750 | 150 |

ഇരു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി, കുറവ് വന്ന തൊഴിൽനികുതി തുകയായ /- 150രൂപ ഈടാക്കി ഓഡിറ്റിനെ വിവരം അറിയിക്കുന്നതാണെന്ന് അധികൃതർ ബോധിപ്പിച്ചിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണം –നം 1/11.04.2022).

2). പഞ്ചായത്ത് പരിധിയിലെ താഴെപ്പറയുന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ ഒന്നാം അർദ്ധവർഷ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനം | അർദ്ധവർഷം |
|---|---|
| പോസ്റ്റ് ഓഫീസ് കയിലിയാട് | ഒന്നാം അർദ്ധവർഷം |
| കുടുംബശ്രീ സി.ഡി.എസ് അക്കൗണ്ടന്റ് | ഒന്നാം അർദ്ധവർഷം |
| ഗ്ളോബൽ എം സാന്റ് | ഒന്നാം അർദ്ധവർഷം |
| ചളവറ ക്ഷീരോല്പാദക സഹകരണ സംഘം | ഒന്നാം അർദ്ധവർഷം |

ടി സ്ഥാപനത്തിലെ ജീവനക്കാരുടെ ഒന്നാം അർദ്ധവർഷ തൊഴിൽനികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് അധികൃതർ ഓഡിറ്റ് അന്വേഷണ ( നം- 1 /11.04.2022). ) ത്തിനുള്ള മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

3).പഞ്ചായത്ത് പരിധിയിലെ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ രണ്ടാം അർദ്ധവർഷ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനം | അർദ്ധവർഷം |
|---|---|
| ബി.എസ്.എൻ.എൽ ടെലികോം | രണ്ടാം അർദ്ധവർഷം |
| പി.എൻ.വൈ സഭ ഫൈനാൻസ് | രണ്ടാം അർദ്ധവർഷം |
| വള്ളുവനാട് ഇംഗ്ളീഷ് മീഡിയം സ്കൂൾ | രണ്ടാം അർദ്ധവർഷം |
| മോളൂർ സെന്ട്രൽ സ്കൂൾ | രണ്ടാം അർദ്ധവർഷം |
| പോസ്റ്റ് ഓഫീസ് മുണ്ടക്കോട്ടുകുറിശ്ശി | രണ്ടാം അർദ്ധവർഷം |
| ബ്രൈറ്റ് സോപ്പ് വർക്സ് | രണ്ടാം അർദ്ധവർഷം |
| എം.എം.ആർ .എംസാന്റ് | രണ്ടാം അർദ്ധവർഷം |

4). താഴെക്കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളുടെ സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ഈടാക്കേണ്ട അർദ്ധവർഷം |
|---|---|---|
| 1 | ബി.എസ്.എൻ.എൽ ചളവറ | I , II |
| 2 | മാവേലി സ്റ്റോർ , ചളവറ | I , |
| 3 | മാവേലി സ്റ്റോർ കയിലിയാട് | I |
| 4 | ചളവറ മിൽക്ക് സൊസൈറ്റി | I , II |
| 5 | ഗ്ളോബൽ എംസാന്റ് , ചളവറ | I , |
| 6 | ബ്ളൂ ചിപ്സ് മൈൻസ് ഇൻഡസ്ട്രീസ് , കയിലിയാട് | I , II |
| 7 | കയിലിയാട് ക്ഷീരോല്പാദക സഹകരണ സംഘം | I , II |
| 8 | ഗോൾഡൻ മൗൾഡിംഗ്സ് | I , II |
| 9 | ഡയമണ്ട് മൗൾഡിംഗ്സ്, കയിലിയാട് | I , II |
| 10 | സിൽവർ മൗൾഡിംഗ്സ് , കയിലിയാട് | I , II |

മേൽ സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 1 /11-04-2022)

5). കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്ത് പരിധിയിലെ വിവിധ കരാർ പ്രവൃത്തികൾ ചെയ്തുവരുന്ന അംഗീകൃത കരാറുകാരിൽ നിന്നും രണ്ട് അർദ്ധവർഷങ്ങളിലെയും തൊഴിൽനികുതി ഈടാക്കിയിട്ടില്ല .ആയത് ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം.1/11-04-2022)

6). റേഷൻകടകളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിലെ റേഷൻകടകളുടെ സ്ഥാപനതൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽനികുതി എന്നിവ അടവാക്കിയിട്ടില്ല . ടി ജീവനക്കാരുടെ തൊഴിൽനികുതി , റേഷൻകടകളുടെ സ്ഥാപനനികുതി എന്നിവ ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് (നം.1/11-04-2022) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കാൻ വിട്ടുപോയ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനനികുതിയും ഈടാക്കി തനത് വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്.

1-13 നിഷ്ക്രിയ ബാങ്ക് അക്കൗണ്ടിലെ നിക്കീയിരിപ്പ് തുക സഞ്ചിത നിധിയിലേക്ക് ഒടുക്കണം

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ , ചളവറ ഗ്രാമ പഞ്ചായത്ത് ന്റെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ചെർപ്പുളശ്ശേരി ശാഖയിൽ അക്കൗണ്ട് നം 57063721358 നിലവിലുണ്ട്. ടി അക്കൗണ്ടിൽ 2019-20, 2020-21 എന്നീ വർഷങ്ങളിൽ ഇടപാടുകളൊന്നും നടത്തിയിട്ടില്ല. ഈ അക്കൗണ്ടിൽ 31.3.22 ന് 32254.95 രൂപ നീക്കിയിരുപ്പുണ്ട്.

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ചെർപ്പുളശ്ശേരി ശാഖയിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ പേരിലുള്ള നിഷ്ക്രിയ അക്കൗണ്ടിലെ നിക്കീയിരിപ്പ് തുക സഞ്ചിത നിധിയിലേക്ക് ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-14 ആർട്ട്കോയിൽ നിന്നുള്ള വാങ്ങലുകൾ - ജി എസ് ടി - ടി.ഡി.എസ് ഈടാക്കിയിട്ടില്ല.

കേന്ദ്ര ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51(7), 24(6), 25 എന്നിവയും 21.07.2018 ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം, കേന്ദ്ര ധനകാര്യ മന്ത്രാലയം- റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR, സർക്കാർ ഉത്തരവ് (പി)നം.162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുക വരുന്ന വാങ്ങലുകളുടെ കാര്യത്തിൽ വാങ്ങൽ നടത്തുന്ന സ്ഥാപനം 2% ടി.ഡി.എസ് ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കുലർ നം.ഡി.എ1/87/2019/തസ്വ.ഭ.വ തീ 08.03.19 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന ടി,ഡി,എസ്, സെക്രട്ടറിയുടെ GSTIN ഉപയോഗിച്ച് ഒടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. തുടർന്ന്, സർക്കുലർ നം നം.ഡി.എ1/87/2019 ത.സ്വ.ഭ.വ തീ 08.09.2020 ഖണ്ഡിക 3 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളിലെയും ഘടക സ്ഥാപനങ്ങളിലേയും എല്ലാ ഡി ഡി ഒ മാരും അവരുടെ PAN/TAN ന്റെ അടിസ്ഥാനത്തിൽ GST-TDS ( TAX DEDUCTOR) രജിസ്ട്രേഷൻ എടുക്കേണ്ടതും, രണ്ടര ലക്ഷത്തിനു മുകളിലുള്ള കരാർ തുകയുള്ള വാങ്ങലുകളിൽ/പ്രവർത്തികളിൽ ടി ഡി എസ് കിഴിവ് വരുത്തേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

2020-21 വർഷത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യഗസ്ഥനായി നടപ്പാക്കിയ ആർട്ട്കോയിൽ ( Artisans Development Co-Operative LTD) നിന്നുള്ള താഴെ പറയുന്ന വാങ്ങലുകളിന്മേൽ നിയമാനുസൃതം ഈടാക്കേണ്ടുന്ന 2% നിരക്കിലുള്ള ടി.ഡി.എസ് ഈടാക്കിയിട്ടില്ല.

എ) പ്രൊജക്ട് നമ്പർ- 112/21- വയോജനങ്ങൾക്ക് കട്ടിൽ

അടങ്കൽ :രൂ.528200.00 ( വികസന ഫണ്ട് - എസ് സി പി)

ചെലവ്- രൂ.509674.00 (ബിൽ നം.22/5.3.21 രൂ.477950.00 +ബിൽ നം.24/5.3.21 രൂ.21724.00 )
ഇൻവോയിസ് നം- 417/22.3.21 രൂ.21274.00 + 317/11.2.21 രൂ.477950.00

ബി)പ്രൊജക്ട് നമ്പർ- 113/21- പട്ടിക ജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും നൽകൽ

അടങ്കൽ :രൂ.538800.00 ( വികസന ഫണ്ട് - എസ് സി പി)

ചെലവ്- രൂ.533950.00 (ബിൽ നം.26/26.3.21 രൂ.523950.00 )

ഇൻവോയിസ് നം- 444/25.3.21 (രൂ.523950.00)

മേൽ പറഞ്ഞ വാങ്ങലുകൾക്ക് പണം നൽകിയ വേളയിൽ 2% ടി.ഡി. എസ് ഈടാക്കാതെ തുക പൂർണ്ണമായും സപ്ലൈയർക്ക് അനുവദിച്ചത് ക്രമപ്രകാരമല്ല.

സർക്കുലർ നം നം.ഡി.എ1/87/2019 ത.സ്വ.ഭ.വ തീ 08.09.2020 ലെ നിർദ്ദേശങ്ങൾ പ്രകാരം തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അനുവദിച്ചത് ക്രമ പ്രകാരമല്ല

പ്രൊജക്ട് നമ്പർ- 3/21- ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

അടങ്കൽ :1078000.00 രൂപ.

ചെലവ്- 1078000.00 രൂ.

( ബിൽ നം 5/4.8.20 രൂ.540000.00+ ബിൽ നം 16/17.2.21 രൂ.269000.00 + ബിൽ നം 17/27.3.21 രൂ.269000.00)

നിർവഹണം-ഐ സി ഡി എസ് ഓഫീസർ

ഈ പ്രൊജക്ട് പ്രകാരം ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് അനുവദിച്ച ഷാഹുൽ ഹമീദ് കെ ടി എന്ന വിദ്യാർത്ഥി 2020-21 വർഷത്തിൽ മിൻഹാജുൽ ഹുദ ചാരിറ്റബിൾ സൊസൈറ്റി , പുലിയാനാംകുന്ന് , ചളവറ എന്ന സ്ഥാപനത്തിൽ ഖുറാൻ കോഴ്സിന് പഠനം നടത്തുകയും സ്കോളർഷിപ്പ് കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. സബ്സിഡി-ധനസഹായം-അനുബന്ധവിഷയങ്ങളുടെ മാർഗ്ഗരേഖ സ.ഉ(കൈ)നം. 22/2018/ ത.സ്വ.ഭ.വ തീയതി 14-2-2018 യിലെ ഖണ്ഡിക 7.1.6 ലെ വ്യവസ്ഥകൾ പ്രകാരമാണ് സ്കോളർഷിപ്പ് ആനുകൂല്യങ്ങൾ നൽകേണ്ടത്. സ.ഉ(കൈ)നം. 22/2018/ ത.സ്വ.ഭ.വ തീയതി 14-2-2018 യിലെ ഖണ്ഡിക 7.1.6 ലെ വ്യവസ്ഥകൾക്കു വിരുദ്ധമായി ഈ ഗുണഭോക്താവിന് നൽകിയ 24565.00 രൂപയുടെ ചെലവ് ഭരണവകുപ്പിന്റെ അനുമതി ലഭ്യമാക്കുന്നത് വരെ തടസ്സപ്പെടുത്തുന്നു.

## 1-16 2020-21 വർഷത്തെ അനുപൂരക പോഷകാഹാര വിതരണ പ്രോജക്ടുകൾ - ജി.എസ്.ടി-ടി.ഡി.എസ് കിഴിവ് നടത്തിയില്ല

| | |
|---|---|
| പ്രൊജക്റ്റ് നം. | 1/21 |
| പ്രൊജക്റ്റിന്റെ പേര് | അങ്കണവാടി പോഷകാഹാരം, ജനറൽ |
| അടങ്കൽ | രൂ.20,00,000.00<br>(രൂ.1140795.00പൊതുവിഭാഗം<br>+രൂ.859205.00കേന്ദ്രാവിഷ്കൃതം) |
| ചെലവ് | രൂ.1899578.00<br>((രൂ.1140795.00പൊതുവിഭാഗം<br>+രൂ.758783.00കേന്ദ്രാവിഷ്കൃതം) |
| നിർവ്വഹണ ഉദ്യോഗസ്ഥ | ICDS സൂപ്പർവൈസർ |

കേന്ദ്ര ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51(7), 24(6), 25 എന്നിവയും 21.07.2018 ലെ ജി.എസ്.ടി കൗൺസിൽ തീരുമാനം നം-28, കേന്ദ്ര ധനകാര്യ മന്ത്രാലയം-റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR, സർക്കാർ ഉത്തരവ് (പി)നം.162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുക വരുന്ന വാങ്ങലുകളുടെ കാര്യത്തിൽ വാങ്ങൽ നടത്തുന്ന സ്ഥാപനം 2% ടി.ഡി.എസ് ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ സർക്കുലർ നം.ഡി.എ1/87 /2019/ത.സ്വ.ഭ.വ തീ. 08.03.19 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന വാങ്ങലുകൾക്ക്/പ്രവൃത്തികൾക്ക് , സെക്രട്ടറിയുടെ GSTIN ഉപയോഗിച്ച് ടി ഡി എസ് ഒടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. തുടർന്ന്, 08.09.2020 ലെ സർക്കുലർ നം നം.ഡി.എ1/87/2019 ത.സ്വ.ഭ.വ ഖണ്ഡിക 3 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളിലെയും ഘടക സ്ഥാപനങ്ങളിലേയും എല്ലാ ഡി.ഡി.ഒ മാരും അവരുടെ PAN/TAN ന്റെ അടിസ്ഥാനത്തിൽ GST-TDS രജിസ്ട്രേഷൻ എടുക്കേണ്ടതും, രണ്ടര ലക്ഷത്തിനു മുകളിലുള്ള കരാർ തുകയുള്ള

വാങ്ങലുകളിൽ/പ്രവർത്തികളിൽ ജി.എസ്.ടി-ടി.ഡി.എസ് കിഴിവ് വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. 2020-21 വർഷത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അങ്കണവാടി പോഷകാഹാരം(ജനറൽ) എന്നീ പ്രോജക്ട് പ്രകാരം കിഡ്സ് ലവർ ന്യൂട്രിമിക്സ് യൂണിറ്റ് , ഒറ്റപ്പാലം എന്ന സ്ഥാപനത്തിൽ നിന്നുള്ള വാങ്ങലുകളിന്മേൽ നിയമാനുസൃതം ഈടാക്കേണ്ട 2% നിരക്കിലുള്ള ടി.ഡി.എസ് ഈടാക്കിയിട്ടില്ല. വാങ്ങലിന് പണം നൽകിയ വേളയിൽ 2% ടി.ഡി. എസ് ഈടാക്കാതെ, സപ്ലൈയർക്ക് മുഴുവൻ തുകയും അനുവദിച്ചത് ക്രമപ്രകാരമല്ല.

നിയമാനുസൃതമായ കിഴിവ് നടത്തിയതിനുശേഷം മാത്രം സപ്ലൈയർക്ക് തുക അനുവദിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-17 തെരുവ് വിളക്കുകൾ സ്ഥാപിച്ചതിനുള്ള KSEB എ.ഇ. യുടെ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് സെക്രട്ടറി അംഗീകാരം ലഭ്യമാക്കിയ പ്രൊജക്റ്റിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു :

| | |
|---|---|
| പ്രൊജക്റ്റ് നം. | S0196/20-21 |
| പേര് | തെരുവ് വിളക്കുകൾക്ക് പുതിയ LED ബൾബുകളും, ഹോൾഡറും വാങ്ങൽ. |
| അടങ്കൽ | 3,57,500/- (ധനകാര്യ കമ്മീഷൻ അവാർഡ്). |
| ബിൽ നം. / തീയതി | 8/19-20/16.06.2020 |
| ചെലവ് | 3,57,500/- |

തെരുവ് വിളക്കുകൾക്കാവശ്യമായ പുതിയ LED ബൾബുകളും, ഹോൾഡറും വാങ്ങുവാനായി KREWS ന്റെ അനുബന്ധ സ്ഥാപനമായ കേരള ഗ്രാമജ്യോതി ലൈറ്റിംഗിന്റെ അക്കൗണ്ട് നമ്പറായ 67256868977 ലേക്ക് 3,57,500/- രൂപ NEFT ലൂടെ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്.

പ്രസ്തുത പദ്ധതി വിഹിതം വിനിയോഗിച്ച് പഞ്ചായത്തിലെ ആകെയുള്ള 15 വാർഡുകളിൽ LED ബൾബുകളും, ഹോൾഡറുകളും മാറ്റി സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. ബൾബുകൾ മാറ്റി സ്ഥാപിക്കപ്പെട്ടതിന് ആധാരമായ ബന്ധപ്പെട്ട താഴെ പറയുന്ന 3 KSEBകളിലേയും എ.ഇ. മാരുടെ സാക്ഷ്യപത്രങ്ങൾ ഫയലിൽ സൂക്ഷിച്ച് കാണുന്നില്ല.( 11.04.2022ലെ.അന്വേഷണ നം.6)

| ക്രമ നം. | കെ.എസ്.ഇ.ബി |
|---|---|
| 01 | പെങ്ങാട്ടിരി |
| 02 | കോതക്കുറിശ്ശി |
| 03 | വല്ലപ്പുഴ |

KSEB കളിലെ എ.ഇ. മാരുടെ സാക്ഷ്യപത്രങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1-18 സാമൂഹ്യ സുരക്ഷ പെൻഷനുകൾ.

ഗ്രാമ പഞ്ചായത്തിൽ നിന്നും നൽകി വരുന്ന വിവിധ സാമൂഹ്യ സുരക്ഷ പെൻഷനുകളുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു :

| ക്രമ നം. | സാമൂഹ്യ സുരക്ഷ പെൻഷൻ വിഭാഗം | പ്രതിമാസ നിരക്ക് | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 01 | കർഷക തൊഴിലാളി പെൻഷൻ | 1300 | 253 |
| 02 | ഇന്ദിര ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 1500 | 1683 |
| 03 | ഇന്ദിര ഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ സ്കീം | 1300 | 306 |
| 04 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 1300 | 149 |
| 05 | ഇന്ദിര ഗാന്ധി ദേശീയ | 1300 | 1078 |

| | | | |
|---|---|---|---|
| | വിധവ പെൻഷൻ സ്കീം | | |

വിവിധ ബാച്ചുകളിലെ അനർഹരായി പരിഗണിച്ച പെൻഷനർമാരെ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുവാനായി പഞ്ചായത്ത് തലങ്ങളിൽ സ്വീകരിച്ച് വരുന്ന നടപടിക്രമങ്ങൾ താഴെ ചേർക്കുന്നു :

A)മരണ രജിസ്റ്ററിലെ വിവരങ്ങൾ ശേഖരിച്ച് പെൻഷനർമാരെ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കുന്നു.

B)മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഒഴിവാക്കുന്നു.

C)മെമ്പർമാരിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഒഴിവാക്കുന്നു.

D)മരണപ്പെട്ടവരുടെ ബന്ധുക്കളിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഒഴിവാക്കുന്നു.

E)പെൻഷൻ നേരിട്ട് വിതരണം ചെയ്യുന്ന സഹകരണ ബാങ്കിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ടുകൾ പ്രകാരം ഒഴിവാക്കുന്നു.

F)മറ്റ് രീതിയിൽ ലഭ്യമാവുന്ന പരാതികളുടെ അടിസ്ഥാനത്തിലും ഒഴിവാക്കുവാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

നാളിത് വരെ അനർഹരായി പരിഗണിച്ചവർക്ക് പെൻഷൻ നല്കി വന്നിട്ടില്ല.(16.04.2022 ലെ അന്വേഷണ നം.3)

12.07.2013 ലെ സ.ഉ.(അച്ചടി) നം.340/2013/ധന പ്രകാരം പെൻഷൻ വിതരണം ചെയ്യുവായി സമർപ്പിക്കപ്പെട്ട അപേക്ഷകളുടെ അടിസ്ഥാനത്തിൽ അംഗീകരിച്ച ഗുണഭോക്താക്കളുടെ ബാങ്ക്/ പോസ്റ്റോഫീസ് അക്കൗണ്ടുകളിലേക്ക് ഇലക്ട്രോണിക്ക് ബെനിഫിറ്റ് ട്രാൻസ്ഫർ മുഖേന പെൻഷൻ തുക നേരിട്ട് അയക്കുന്നു.

2019-2020 സാമ്പത്തിക വർഷത്തിൽ സാമൂഹ്യ പെൻഷനുകൾക്കായി സമർപ്പിച്ച അപേക്ഷകൾ പരിശോധന വിധേയമാക്കി ഡാറ്റാബേസിൽ നിന്നും സസ്പെന്റ് ചെയ്തതിന്റെ വിശദാംശങ്ങൾ താഴെ നൽകുന്നു :

| ക്രമ നം. | പെൻഷൻ വിഭാഗം | അപേക്ഷകളുടെ എണ്ണം | അപേക്ഷ നിരസിക്കുവാനുള്ള കാരണം |
|---|---|---|---|
| 01 | വാർദ്ധക്യ കാല പെൻഷൻ | 67 | പെൻഷനറുടെ മരണ കാരണം അപേക്ഷകൾ നിരസിച്ചിട്ടുണ്ട്. |
| 02 | കർഷക തൊഴിലാളി പെൻഷൻ | 36 | പെൻഷനറുടെ മരണ കാരണത്താലും,<br>30.04.2019 ലെ നം.30/2019 /ധന എന്ന സർക്കുലറിലെ നിർദ്ദേശാടിസ്ഥാനത്തിലും, മറ്റൊരു പെൻഷൻ ലഭ്യമാക്കുവാൻ അപേക്ഷ സമർപ്പിച്ചതിനാലും അപേക്ഷകൾ തിരസ്കരിച്ചിട്ടുണ്ട്. |
| 03 | അവിവാഹിതർക്കുള്ള പെൻഷൻ | 02 | മറ്റൊരു പെൻഷൻ ലഭ്യമാക്കുവാൻ അപേക്ഷ സമർപ്പിച്ചതിനാലും, പുനർ വിവാഹിതരായതിനാലും അപേക്ഷകൾ നിരസിച്ചിട്ടുണ്ട്. |
| 04 | വിധവ പെൻഷൻ | 23 | പെൻഷനറുടെ മരണ കാരണത്താലും, മറ്റൊരു പെൻഷൻ ലഭ്യമാക്കുവാൻ അപേക്ഷ സമർപ്പിച്ചതിനാലും, പുനർ വിവാഹിതരായതിനാലും അപേക്ഷകൾ നിരസിച്ചിട്ടുണ്ട്. |
| 05 | വികലാംഗ പെൻഷൻ | 07 | പെൻഷനറുടെ മരണം |

2020-2021സാമ്പത്തിക വർഷത്തിൽ സാമൂഹ്യ പെൻഷനുകൾക്കായി സമർപ്പിക്കപ്പെട്ട അപേക്ഷകൾ

പരിശോധന വിധേയമാക്കി ഡാറ്റാബേസിൽ നിന്നും ഒഴിവാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു :

| ക്രമ നം. | പെൻഷൻ വിഭാഗം | അപേക്ഷകളുടെ എണ്ണം | അപേക്ഷ നിരസിക്കുവാനുള്ള കാരണം |
|---|---|---|---|
| 01 | വാർദ്ധക്യ കാല പെൻഷൻ | 90 | പെൻഷനറുടെ മരണ കാരണത്താലും, ഗുണഭോക്താവ് കുടുംബ പെൻഷൻ ലഭിക്കുന്ന വ്യക്തിയായതിനാലും, 30.04.2019 ലെ നം.30/2019 /ധന എന്ന സർക്കുലറിലെ നിർദ്ദേശാടിസ്ഥാനത്തിലും, അപേക്ഷകൾ നിരസിച്ചിട്ടുണ്ട്. |
| 02 | കർഷക തൊഴിലാളി പെൻഷൻ | 23 | പെൻഷനറുടെ മരണ കാരണത്താൽ അപേക്ഷകൾ നിരസിച്ചിട്ടുണ്ട്. |
| 03 | അവിവാഹിതർക്കുള്ള പെൻഷൻ | 06 | പെൻഷനറുടെ മരണ കാരണത്താലും, പുനർ വിവാഹിതരായതിനാലും അപേക്ഷകൾ നിരസിച്ചിട്ടുണ്ട്. |
| 04 | വിധവ പെൻഷൻ | 30 | പെൻഷനറുടെ മരണ കാരണത്താലും, പുനർ വിവാഹിതരായതിനാലും അപേക്ഷകൾ നിരസിച്ചിട്ടുണ്ട്. |
| 05 | വികലാംഗ പെൻഷൻ | 11 | പെൻഷനറുടെ മരണ കാരണത്താൽ ഒഴിവാക്കിയിട്ടുണ്ട്. |

ഓഡിറ്റ് നിർദ്ദേശങ്ങൾ

1)സാമൂഹ്യ സുരക്ഷാ പെൻഷനുകൾ നൽകുമ്പോൾ 21.01.2017 ലെ സ.ഉ.(എം.എസ്)നം.34/17/ഫിൻ എന്ന ഉത്തരവ് പ്രകാരം നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

തുടർ നടപടികളുടെ വിശദവിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1-19 തെരുവ് വിളക്കുകളുടെ പരിപാലനം.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ ക്രമ നം. 15 പ്രകാരം തെരുവ് വിളക്കുകൾ പ്രകാശിപ്പിക്കുന്നതും ഇവയുടെ കാര്യക്ഷമത ഉറപ്പ് വരുത്തുന്നതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലകളിൽ ഉൾപ്പെട്ടവയാണെന്ന് നിഷ്കർഷിക്കുന്നു. പഞ്ചായത്തിന്റെ പരിധിയിലുള്ള തെരുവ് വിളക്കുകളുടെ പരിപാലനത്തിന്റെ കാര്യക്ഷമത പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ അടിസ്ഥാനത്തിൽ തെളിഞ്ഞ വസ്തുതകൾ താഴെ ചേർക്കുന്നു :

തെരുവ് വിളക്കുകൾക്കുള്ള രജിസ്റ്ററുകൾ

പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമ ഉത്തരവ് നം- ജി2-44274/2015 /17.08.2015 അനുസരിച്ച് തെരുവ് വിളക്ക് പരിപാലനം സംബന്ധിച്ച് താഴെ പറയുന്ന രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു :

1. തെരുവ് വിളക്ക് ആസ്തി രജിസ്റ്റർ (സ്ട്രീട്ട് ലൈറ്റ് രജിസ്റ്റർ).

2. പരാതി രജിസ്റ്റർ.

3. സാധന സാമഗ്രികൾക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ .

4. രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ്.

പഞ്ചായത്ത് തലത്തിൽ സ്വീകരിച്ച് വരുന്ന നടപടിക്രമം .

ഗ്രാമ പഞ്ചായത്തിൽ സാധന സാമഗ്രികൾക്കുള്ള പ്രത്യേക സ്റ്റോക്ക് രജിസ്റ്ററും, പരാതി രജിസ്റ്ററും, സ്ട്രീട്ട് ലൈറ്റ് രജിസ്റ്ററും സൂക്ഷിച്ച് വരുന്നുണ്ട്.ഉപയോഗ ശൂന്യമായ തെരുവ് വിളക്കുകൾ ഇലക്ട്രിക്ക് പോസ്റ്റിൽ നിന്നും ഒഴിവാക്കി മാറ്റുന്നത് നിലവിൽ രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.പ്രസ്തുത ഐറ്റംസ് ഗ്രാമ പഞ്ചായത്തിൽ സൂക്ഷിച്ച് വരുന്നുണ്ട്. (11.04.2022 ലെ അന്വേഷണ നം.3)

KSEB യുമായുള്ള സംയുക്ത പരിശോധന

തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തുന്നതിനായി 26.11.2021 ലെ 19(1) നം.തീരുമാന പ്രകാരം 14.02.2022 യിൽ KSEB ക്ക് കത്ത് നൽകിയിട്ടുണ്ട്.

മീറ്ററിംഗ് സംവിധാനം

തെരുവ് വിളക്കുകൾക്ക് മീറ്റിംഗ് ഏർപ്പെടുത്തിയിട്ടില്ല.

മീറ്ററിംഗ് ഏർപ്പെടുത്താത്ത ബൾബുകളുടെ തരവും ഇവയ്ക്കുള്ള ടാരിഫ് റേറ്റും താഴെ ചേർക്കുന്നു :

| ബൾബുകളുടെ തരം | വാട്സും | 12 ബർണിങ്ങ് ഹവർസ്/വൈദ്യുതി ചാർജ്ജ് |
|---|---|---|
| ഓർഡിനറി 1x60 | 66 | 12 |
| സോഡിയം വേപ്പർ ലാമ്പ് 1x250 | 15 | 12 |
| ഫ്ളൂറൊസെന്റ് ട്യൂബ് 2x40 | 13 | 12 |
| ക്ളോറൊ ഫ്യൂറസെന്റ് ലാമ്പ് ഓട്ടോമാറ്റിക്ക് കട്ട് ഓഫ് 2x11 | 756 | 12 |

തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ്

2019-2020 സാമ്പത്തിക വർഷത്തിൽ തെരുവ് വിളക്കുകൾക്കുള്ള വൈദ്യുതി ചാർജ്ജിനത്തിൽ 5,85,805/- രൂപ K.S.E.B യിലേക്ക് അടവാക്കിയിട്ടുണ്ട്.

2020-2021 സാമ്പത്തിക വർഷത്തിൽ തെരുവ് വിളക്കുകൾക്കുള്ള വൈദ്യുതി ചാർജ്ജിനത്തിൽ 7,15,351/- രൂപ K.S.E.B യിലേക്ക് അടവാക്കിയിട്ടുണ്ട്.

തെരുവ് വിളക്കുകൾക്കുള്ള അറ്റകുറ്റ പണികൾ .

പ്രവർത്തന രഹിതമായ തെരുവ് വിളക്കുകൾ മാറ്റി സ്ഥാപിക്കുവാനായി പ്രോജക്റ്റ് ആവിഷ്കരിച്ച് KSEB മുഖേന നടപടികൾ സ്വീകരിച്ച് വരുന്നു.ജില്ലാ പഞ്ചായത്ത് കേന്ദ്രീകരിച്ചുള്ള പാനൽ ഇലക്ട്രിക്ക് എഞ്ചിനിയറുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് തെരുവ് വിളക്കുകളുടെ ഉപകരണങ്ങൾ വാങ്ങുന്നത്.

ഉപയോഗ ശൂന്യമായ ഉപകരണങ്ങൾ

നിലവിൽ ഉപയോഗ ശൂന്യമായ വൈദ്യുതോപകരണങ്ങൾ പഞ്ചായത്തിൽ സൂക്ഷിച്ച് വരുകയാണ് ചെയ്ത് വരുന്നത്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1)K.S.E.B യും പഞ്ചായത്ത് അധികൃതരും ചേർന്ന് പ്രവർത്തന ക്ഷമതയുള്ളവയും, പ്രവർത്തന രഹിതമായ തെരുവ് വിളക്കുകളുടേയും കണക്കുകൾ സംയുക്ത പരിശോധനയിലൂടെ കൃത്യതയോട് കൂടി തിട്ടപ്പെടുത്തേണ്ടതാണ്.ആയതിന്റെ അടിസ്ഥാനത്തിൽ സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുകയും, തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജജ് പ്രവർത്തനക്ഷമമായവയ്ക്ക് മാത്രമെ നൽകുന്നുള്ളൂവെന്നും ഉറപ്പ് വരുത്തേണ്ടതാണ്.

2)ഉപയോഗ ശൂന്യമായ ബൾബുകൾ രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

3)മീറ്ററിംഗ് ഏർപ്പെടുത്താത്ത തെരുവ് വിളക്കുകളുടെ എണ്ണവും, തരവും അനുസരിച്ച് പഞ്ചായത്ത് അടവാക്കുന്ന വൈദ്യുതി ചാർജ്ജ് ഗണ്യമായി കുറവാക്കുവാനായി വൈദ്യുതി ഉപഭോഗം കുറഞ്ഞ LED ബൾബുകൾ

സ്ഥാപിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4)7.07.2010ലെ 43742/ഡി.സി.3.2010/ത.സ്വ.ഭ.വ പ്രകാരം ഓരോ മീറ്ററിംഗ് പോയിന്റിനും പ്രത്യേക കൺസ്യൂമർ നമ്പർ നൽകുകയും, സ്പോട്ട് ബില്ലിംഗ് സമ്പ്രദായം നടപ്പാക്കേണ്ടതുമാണ് എന്നും നിഷ്കർഷിക്കുന്നു.മീറ്റർ പ്രവർത്തിക്കുന്നതിനുള്ള ഉത്തരവാദിത്വം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ചുമതലയാണ്.

5)2.03.2013 ലെ സ.നം.655529/ഡി.സി.3/12 ത.സ്വ.ഭ.വ പ്രാരം ഓട്ടാമാറ്റിക്ക് തെരുവ് വിളക്കുകൾ സ്ഥാപിക്കുകയും പ്രസ്തുത ആവശ്യത്തിനായി KSEB യിൽ നിന്നും സേവനം ലഭ്യമാക്കി ഇതിലേക്കായുള്ള ആവശ്യമായ തുക അടവാക്കേണ്ടതുമാണ്.

6)15.09.2011 ലെ 3055/ഡ.എ.3/2011/ത.സ്വ.ഭ.വ പ്രകാരം AMC മുഖേന തെരുവ് വിളക്കുകൾക്കുള്ള പരാതിക്ക് തീർപ്പ് കൽപ്പിക്കുന്നതിനായി അംഗീകൃത കരാറുകാരനെ തെരഞ്ഞെടുക്കേണ്ടതാണ്.പരിപാലന പ്രവൃത്തിക്കായി ഉപയോഗിക്കുന്ന സാമഗ്രികൾ ISI നിലവാരമുള്ളവയുമായിരിക്കണം.

തുടർ നടപടികൾ സ്വീകരിച്ച് വിശദവിവരങ്ങൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

1-20 വാഹന പരിപാലനം - രജിസ്റ്ററുകൾ/രേഖകൾ സൂക്ഷിക്കുന്നില്ല.

പഞ്ചായത്തിന്റെ ആവശ്യങ്ങൾക്കായി ഉപയോഗച്ച് വരുന്ന ജീപ്പ് നം. KL51 C 1818 എന്ന വാഹനത്തിന്റെ പരിപാലനവുമായി ബന്ധപ്പെട്ട് 30/06/2007ലെ ജി.ഒ.(എം.എസ്)170/07 ത.സ്വ.ഭ.വ എന്ന ഉത്തരവ് നിഷ്കർഷിക്കും പ്രകാരം കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറി താഴെ പറയുന്ന രജിസ്റ്ററുകളും രേഖകളും പരിപാലിച്ച് വരുന്നില്ല (19.04.2022 ലെ അന്വേഷണ നം.6):

1.പെട്രോൾ/ഡീസൽ/ഗ്യാസ്/ഓയിൽ മുതലായവയ്ക്കുള്ള ഓർഡർ ബുക്ക്.

2.റിപ്പയർ രജിസ്റ്റർ.

3.ഇന്ധനത്തിന്റെയും എണ്ണയുടെയും ഉപയോഗം കാണിക്കുന്ന ഫ്യുവൽ രജിസ്റ്റർ.

4.സ്റ്റോക്ക് രജിസ്റ്റർ.

ഓഡിറ്റ് നിർദ്ദേശം

30/06/2007ലെ ജി.ഒ.(എം.എസ്)170/07 ത.സ്വ.ഭ.വ എന്ന ഉത്തരവ് പ്രകാരം വാഹന പരിപാലനം/ഉപയോഗം എന്നിയുമായി ബന്ധപ്പെട്ട് ഫ്യുവൽ ഓർഡർ ബുക്ക്, റിപ്പയർ രജിസ്റ്റർ, ഫ്യുവൽ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ സൂക്ഷിക്കേണ്ടതാണ്.

ഇന്ധനക്ഷമത സർട്ടിഫിക്കറ്റ്.

30/06/2007ലെ ജി.ഒ.(എം.എസ്)170/07 ത.സ്വ.ഭ.വ എന്ന ഉത്തരവ് പ്രകാരം വാഹനത്തിന്റെ പരിപാലനവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവിൽ ആറു മാസത്തിലൊരിക്കൽ ഓരോ വാഹനത്തിന്റേയും ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് സർക്കാരിന്റെ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെ കൊണ്ട് നടത്തി ഇന്ധന ഉപയോഗത്തെ സംബന്ധിച്ച് ഒരു സർട്ടിഫിക്കറ്റ് ആ ഉദ്യോഗസ്ഥൻ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണെന്നുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്.

2019-2020, 2020-2021 സാമ്പത്തിക വർഷങ്ങളിൽ പ്രസ്തുത വ്യവസ്ഥ പാലിച്ച് കാണുന്നില്ല.(19.04.2022 ലെ അന്വേഷണ നം.6)

ഓഡിറ്റ് നിർദ്ദേശം

30/06/2007ലെ സർക്കാർ ഉത്തരവ് നിഷ്കർഷിക്കുന്ന പ്രകാരം ആറു മാസത്തിലൊരിക്കൽ സർക്കാരിന്റെ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെ കൊണ്ട് ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തി ഇന്ധന ക്ഷമതയെ കുറിച്ച് ഒരു സർട്ടഫിക്കറ്റ് ലോഗ് ബുക്കിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

1-21 മത്സരാധിഷ്ഠിത ടെണ്ടറുകൾ ഫലപ്രദമായി നടക്കുന്നു.

തൻവർഷം മരാമത്ത് പ്രവൃത്തികളായി ആകെ 155 പ്രോജക്റ്റുകൾ വിഭാവനം ചെയ്തതിൽ 119 പ്രോജക്റ്റുകളാണ് നടപ്പാക്കിയിട്ടുള്ളത്. ആകെ 44738909രൂ. അടങ്കൽ കണക്കാക്കിയതിൽ 32409413രൂ . ആണ് ചെലവഴിച്ചിട്ടുള്ളത്. ( 72%). തൻവർഷം നടത്തിയ ടെണ്ടറുകൾ ഭൂരിപക്ഷവും വളരെയധികം

മത്സരാധിഷ്ഠിതമായിട്ടാണ് നടത്തിയിട്ടുള്ളത്. പല ടെണ്ടറുകളും 25%ൽ അധികം കുറവായിട്ടാണ് (31%വരെ കുറവായി ടെണ്ടറുകൾ അംഗീകരിച്ചിട്ടുണ്ട്) ലേലം നടന്നിട്ടുള്ളത്. ആയതിനാൽ ഈ ഇനത്തിൽ വളരെയധികം തുക ഗ്രാമപഞ്ചായത്തിന് നേട്ടമുണ്ടായിട്ടുണ്ട്. 21-8-2019ൽ നടന്ന ടെണ്ടറിൽ 43 എണ്ണത്തിൽ 36 എണ്ണവും വളരെയധികം താഴ്ന്ന നിരക്കുകൾക്ക് (25% മുതൽ കുറവുകളിൽ) ആണ് ലേലം നടന്നിട്ടുള്ളത്. വളരെയധികം വിപുലമായ പരസ്യങ്ങളിലൂടെയും ഫലപ്രദമായ ഇടപെടലുകളിലൂടെയുമാണ് ഇത്തരത്തിൽ മത്സര സ്വഭാവം ഉള്ള ടെണ്ടർ നടപടകൾ സാധ്യമയിട്ടുള്ളത്. തൻവർഷത്തെ ടെണ്ടറുകളിൽ ഉണ്ടായ സാമ്പത്തിക ലാഭത്തിലൂടെ മാത്രം ഏകദേശം 30ൽ അധികം പ്രവൃത്തികൾ അധികം ചെയ്യുന്നതിനുള്ള ധനസമാഹരണം നടന്നിട്ടുണ്ട്. അനുകരണീയമായ ഒരു മാതൃകയാണ് ഭരണസമിതിയും നിർവ്വഹണ ഉദ്യോഗസ്ഥരും ഇക്കാര്യത്തിൽ കാഴ്ചവെച്ചിട്ടുള്ളത്.

## 1-22 പൊതുമരാമത്ത് പ്രവൃത്തികൾ- പൊതുഅപാകതകൾ

പദ്ധതി മാർഗരേഖയനുസരിച്ച് എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളുംതങ്ങളുടെ അധികാരപരിധിയിലുള്ള വിവിധതരം റോഡുകളുടെ സർവ്വേനടത്തി റോഡ് കണക്റ്റിവിറ്റി പ്ലാൻ തയ്യാറാക്കണമെന്നും ആയതിലെ സ്ഥിതി വിവരകണക്കുകളെ അടിസ്ഥാനമാക്കി മുൻഗണന നിശ്ചയിച്ച് പുതിയ റോഡുകളുടെയും പുനരുദ്ധരിക്കേണ്ട റോഡുകളുടെയും പ്രോജക്ടുകൾ ഏറ്റെടുക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പുതുതായി നിർമിക്കേണ്ടതും പരിഷ്കരിക്കേണ്ടതുമായ റോഡുകളെ ചെറിയ കഷണങ്ങളാക്കി പ്രോജക്ടുകൾ ഉണ്ടാക്കാതെ ഓരോ റോഡിന്റെയും മുഴുവൻ നീളത്തിലാണ് പ്രോജക്ട് ഉണ്ടാക്കേണ്ടത്. ഒരു റോഡ് നിർമ്മാണം ഒന്നിലധികം വർഷം നീണ്ടുപോയാലും ഒറ്റ പ്രോജക്ടായിതന്നെ പൂർത്തിയാക്കേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ റോഡ് കണക്റ്റിവിറ്റി പ്ലാൻ, റോഡ് കണക്റ്റിവിറ്റി മാപ്പ് എന്നിവ തയ്യാറാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി പശ്ചാത്തല മേഖലയിൽ റോഡ് വികസനത്തിന് വകയിരുത്തിയ തുക ഡിവിഷൻ അടിസ്ഥാനത്തിൽ വീതം വച്ച് പ്രോജക്ടുകൾ ഏറ്റെടുക്കുന്ന രീതീയാണ് ഗ്രാമ പഞ്ചായത്ത് അവലംബിച്ചുവരുന്നത്.

വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വയ്ക്കുന്നത് വിഭവ വിന്യാസത്തിന്റെ ഫലപ്രാപ്തിയെ സാരമായി ബാധിക്കും. തദ്ദേശസ്വയംഭരണ സ്ഥാപനത്തെ മൊത്തത്തിൽ ഒരു യൂണിറ്റായി കണ്ട് സമസ്തമേഖലകളിലെയും ജനങ്ങളുടെ ആവശ്യങ്ങൾ കണക്കിലെടുത്ത് സമഗ്ര പദ്ധതികളാണ് തയ്യാറാക്കേണ്ടത്. പശ്ചാത്തല വികസനത്തിന് ലഭ്യമായ തുക വാർഡ് അടിസ്ഥാനത്തിൽ വീതം വയ്ക്കുന്നത് തെറ്റായ പ്രവണതയാണ്. ഗ്രാമ പഞ്ചായത്തിലെ വിവിധതരം റോഡുകളുടെ സർവ്വേ നടത്തി റോഡ്നെറ്റ് വർക്ക് പ്ലാൻ തയ്യാറാക്കി മുൻഗണനാക്രമം നിശ്ചയിച്ച് റോഡ് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിന് നടപടിയുണ്ടാകേണ്ടതാണ്.

## 1-23 മരാമതത്ത് പ്രവൃത്തികൾ- രേഖകളുടെ സൂക്ഷിപ്പ് സംബന്ധിച്ച്

സ.ഉ (എം.എസ് ) നം.11/2018ത.സ്വ.ഭ.വ തീ.29-1-2018 പ്രകാരമുള്ള പദ്ധതി മാർഗരേഖ, സർക്കാർ ഉത്തരവ് നം.13/2012/PWD, തീയ്യതി 1-2-2012 പ്രകാരമുള്ള പൊതുമരാമത്ത് മാന്വൽ എന്നിവ മുഖേന പൊതുമരാമത്ത് പ്രവൃത്തികളുടെ ഫയലിൽ നിർബന്ധമായും സൂക്ഷിക്കേണ്ട രേഖകളും ഏതൊക്കെയെന്ന് വ്യക്തമാക്കിയിട്ടുണ്ട്.എസ്റ്റിമേറ്റ്, അബ്സ്ട്രാക്ട് എസ്റ്റിമേറ്റ്, ഡാറ്റ, സൈറ്റ് മാപ്പ്, മോണിറ്ററിംഗ് റിപ്പോർട്ട്, ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് (എസ്.സി.പി, റ്റി.എസ്.പി. പദ്ധതികൾക്ക്),എന്നിവയെല്ലാം പ്രോജക്ട് രേഖകളോടൊപ്പം വെയ്ക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പ്രവൃത്തികളുടെ പല ഫയലുകളിലും താഴെപ്പറയുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര് | അബ്സ്ട്രാക്ട് എസ്റ്റിമേറ്റ് | സൈറ്റ് മാപ്പ് | മോണിറ്ററിംഗ് റിപ്പോർട്ട് | ഫീസിബിലിറ്റി റിപ്പോർട്ട്. | എസ്റ്റിമേറ്റ് റിപ്പോർട്ട് |
|---|---|---|---|---|---|---|
| | SO - 80/21 - ആശാരിപ്പളിയാലിൽ റോഡ് സൈഡ് കെട്ടൽ | ഇല്ല | ഇല്ല | ഇല്ല | N .A | |
| | SO 225/21- അംഗൻവാടികളുടെ അറ്റകുറ്റപ്പണികൾ | ഇല്ല | ഇല്ല | ഇല്ല | N.A | |
| | SO 128/21- കളത്തിൽക്കുന്ന് | ഇല്ല | ഇല്ല | ഇല്ല | N.A | |

| | | | | | | |
|---|---|---|---|---|---|---|
| | കോളനി കടിവെള്ള പദ്ധതി വാട്ടർടാങ്ക് പ്ലാറ്റ് ഫോം നിർമാണം. | | | | | |
| | | ഇല്ല | ഇല്ല | ഇല്ല | N.A | |
| | | ഇല്ല | ഇല്ല | ഇല്ല | N.A | ഇല്ല. |

പ്രവൃത്തി പൂർത്തീകരണകാലയളവ് ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷകളിൽ ഏത് തീയ്യതി വരെ പൂർത്തീകരണത്തീയ്യതി നീട്ടി ലഭിക്കണം എന്ന് കരാറുകാർ സൂചിപ്പിക്കുന്നില്ല.

ആവശ്യമായ രേഖകൾ ലഭ്യമാക്കാതെയിരിക്കുന്നത് മൂലം പദ്ധതികളുടെ ഫലപ്രാപ്തി,സുതാര്യത, അവശ്യ മേഖലകളിൽ മാത്രം ചെലവഴിക്കൽ എന്നിവയെ സാരമായി ബാധിക്കും എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഭരണസമിതിയുടെയും മരാമത്ത് സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

1-24 പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും പിഴ ഈടാക്കിയിട്ടില്ല.

താഴെ പറയുന്ന പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടും കേരള പൊതുമരാമത്ത് മാന്വലിലെയും കരാറുകാരനും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും തമ്മിലുണ്ടാക്കിയ കരാറിലെയും വ്യവസ്ഥപ്രകാരം ഈടാക്കേണ്ട പിഴ ഈടാക്കിയിട്ടില്ല.

G.O.(P) No. 13/2012/PWD, Dt 1-2-2012 മുഖേന പ്രസിദ്ധീകരിച്ച 2012 ലെ PWD Manual പ്രകാരം അനുവദനീയമായ പൂർത്തീകരണ കാലാവധി നീട്ടൽ സംബന്ധിച്ച് താഴെപ്പറയും പ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

The Extension Of Time Of Completion That Can Be Granted At A Time Shall Not Exceed 25% Of The Original Time Or Six Months Whichever Is Less . The Maximum Extension That Can Be Granted For A Work Shall Be Limited To Half The Original Time Of Completion.

കൂടാതെ പ്രവർത്തി പൂർത്തീകരണം വൈകിയാൽ കരാറുകാരന്റെ അപേക്ഷയിൻമേൽ തീരുമാനമെടുത്ത് സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കണം എന്നും പ്രവൃത്തിപൂർത്തീകരണം വൈകിയതിന് താഴെസൂചിപ്പിച്ചിട്ടുള്ള നിരക്കിൽ പിഴ ഈടാക്കണം എന്നും മാനുവലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു.

Fines For Extension Of Time

| Period | Rate Of Fine |
|---|---|
| First Extension | 1% Of The PAC Subject To A Minimum Of Rs. 1000 And Maximum Of Rs. 50000 |
| Beyond First Extension | 2% Of The PAC Subject To A Minimum Of Rs. 2000 And Maximum Of Rs. 100000 |

താഴെപ്പറയുന്ന പ്രവൃത്തികളിൽ പിഴ ഈടാക്കിയതിൽ കുറവ് സംഭവിച്ചത് ചുവടെ ചേർക്കുന്നു.

1. പ്രൊജക്റ്റ് നമ്പരും പേരും: SO - 80/21 - ആശാരിപ്പള്ളിയാലിൽ റോഡ് സൈഡ് കെട്ടൽ

അടങ്കൽ: – 300000, ഫണ്ടിനം: 300000- മെയിന്റനൻസ് ഫണ്ട്.(റോഡ്)

ചെലവ്: 215805 , ബിൽ നം. 146/30-3-21 , 215805 രു.

കരാർ നം.25/AE/CHVA/20-21, Dt: 23-6-2020 -(PAC): 263952, കരാറുകാരൻ: രാജേഷ് .വി.

കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: 22-9-2020

സ്ഥലം കൈമാറിയ തീയ്യതി. 23-6-2020

പൂർത്തീകരിച്ച തീയ്യതി: 10-2-2021, അളവു പുസ്തകം: 146/21

ആകെ പ്രവൃത്തി മൂല്യം: 215805

3 മാസം ആണ് പ്രവൃത്തി പൂർത്തീകരണത്തിന് അനുവദിച്ചിട്ടുള്ള സമയം. എന്നാൽ ടി സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതെ യാതൊരു അപേക്ഷയും സമർപ്പിക്കാതെ പ്രവൃത്തി തുടരുകയും ചെയ്തിരിക്കുന്നു. കൂടാതെ പ്രവൃത്തി പൂർത്തീകരണ കാലാവധിയെക്കാൾ 50% ൽ അധികം കാലാവധി ദീർഘിപ്പിച്ച് നൽകിയതും

ക്രമപ്രകാരമല്ല.

ടി പ്രോജക്ടിൽ താഴെപ്പറയുന്ന അപാകതകളും കാണുന്നു.

-പ്രവൃത്തി പൂർത്തീകരണം വൈകിയിട്ടും സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ല.

-പ്രവൃത്തി പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് ബിൽ തുക നൽകിയതിന് യാതൊരു അനുമതികളും ലഭ്യമാക്കിയിട്ടില്ല.

ആയതിനാൽ കരാറുകാരനിൽ നിന്നും താഴെസൂചിപ്പിക്കും പ്രകാരം പിഴ ഈടാക്കേണ്ടിയിരുന്നു.

ഈടാക്കേണ്ട പിഴ:

ആദ്യത്തെ മുക്കാൽ മാസം (പൂർത്തീകരണ കാലാവധിയുടെ 25%): 2640 (PACയുടെ 1%)

രണ്ടാമത്തെ ഒന്നര മാസം (പൂർത്തീകരണ കാലാവധിയുടെ 25%): 5280 (PACയുടെ 2%)

ആകെ ഈടാക്കേണ്ടത്: 7920

ഈടാക്കിയത്: -

ഈടാക്കിയതിൽ കുറവ്: 7920

ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം (നം. 13/19-4-2022) ന് ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരനിൽ നിന്നും പിഴ ഇനത്തിലുള്ള തുക ഈടാക്കി അടവാക്കാം എന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഉത്തരവാദിയായ അസി. എഞ്ചിനീയറിൽ നിന്നും പിഴ ഇനത്തിലുള്ള തുക 7920രൂ. ഈടാക്കേണ്ടതാണ്.

1-25 നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രമെന്റ് വെച്ചിട്ടില്ല. എന്നിട്ടും നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല.

സ.ഉ (പി) നം. 13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് 10 ദിവസം വരെ കരാർ തുകയുടെ 1% പിഴ സഹിതം കരാറുടമ്പടി വെയ്ക്കാവുന്നതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിലും കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽക്കൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല/കുറവായി ഈടാക്കി . മറ്റു നടപടിക്രമങ്ങൾ പാലിച്ചിട്ടുമില്ല. കരാർ വെച്ച് പ്രവൃത്തി ആരംഭിച്ച സാഹചര്യത്തിൽ കരാർ തുകയുടെ 1% പിഴ/കുറവുവന്ന തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. (സെലക്ഷൻ നോട്ടീസിൽ തീയതി രേഖപ്പെടുത്താത്തവയിൽ ഭരണസമിതി തീരുമാന തീയതി അടിസ്ഥാനമാക്കിയാണ് പിഴ നിശ്ചയിച്ചിട്ടുള്ളത്)

| ക്രമ നം. | പ്രവൃത്തി, എ.പി.എ.സി ബിൽ നം./ തീയതി | ടെണ്ടർ അംഗീകരിച്ച തീയതി | സെലക്ഷൻ നോട്ടീസ് അയച്ച തീയ്യതി | എഗ്രിമെന്റ് തീയതി, കരാറുകാരൻ | ഈടാക്കേണ്ടിയിരുന്ന പിഴ(1%) ₹ | ഈടാക്കിയത് ₹ | ബാക്കി ഈടാക്കേണ്ടത് ₹ |
|---|---|---|---|---|---|---|---|
| 1. | SO 225/21- അംഗൻവാടികളുടെ അറ്റകുറ്റപ്പണികൾ 605589 ബിൽ നം. 45/14-8-2020-645959/- | 24-12-2019 | രേഖപ്പെടുത്തിയിട്ടില്ല. | 64/AE/LSGD /CHVA/27-1-2020 എ.യൂസഫ് സീദ്ധിഖ് | 6055 | 0 | 6055 |
| 2. | SO 128/21- കളത്തിൽക്കുന്ന് കോളനി കുടിവെള്ള പദ്ധതി | 27-8-2020 | രേഖപ്പെടുത്തിയിട്ടില്ല. | 83/AE/LSGD /CHVA/23-9-2020 രാധാകൃഷ്ണൻ.പി. | 2197 | 0 | 2197 |

| | | | | | | | |
|---|---|---|---|---|---|---|---|
| | വാട്ടർടാങ്ക് പ്ലാറ്റ് ഫോം നിർമാണം. 219725 ബിൽ നം. 144/20-3-21, 233584/- | | | | | | |
| ആകെ | | | | | | | 8252 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ പിഴ ഇനത്തിൽ ഈടാക്കേണ്ട തുക സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും ഈടാക്കി പഞ്ചായത്തിൽ അടവാക്കാം എന്ന് അറിയിച്ചിട്ടുണ്ട്. പിഴ ഇനത്തിൽ ഈടാക്കേണ്ട തുക 8252 രൂ. ഉത്തരവാദിയായ അസി. എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

1-26 കുടിവെള്ളപദ്ധതികളുടെ അറ്റകുറ്റപ്പണികളിൽ മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല.

താഴെസൂചിപ്പിക്കുന്ന കുടിവെള്ളപദ്ധതികളുടെ അറ്റകുറ്റപ്പണികളിൽ മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല.

1)

| | |
|---|---|
| പ്രോജക്ടിന്റെ നം., പേര് | SO 139/21- Zചെരപ്പറമ്പത്ത് കുടിവെള്ള പദ്ധതി- പൈപ്പ് ലൈൻ നീട്ടൽ |
| അടങ്കൽ | 50000 |
| ബിൽ വിവരങ്ങൾ | 79/21, 16-11-2020, Rs.39941 |
| കരാറുകാരൻ | സക്കറിയ ഏലീയാസ് |
| എം.ബുക്ക് നം. | 2165/20 |
| പി.എ.സി. | 37539 |

സ.ഉ. നം. 22/2018, ത.സ്വ.ഭ. വ. തിയ്യതി 14-2-2018 ഖണ്ഡിക 6.6.3പ്രകാരം കുടിവെള്ള പദ്ധതിയുടെ തുടർപരിപാലനം ഗുണഭ്ക്തൃസമിതിയെ ഏൽപ്പിക്കണമെന്നും അറ്റകുറ്റപ്പണികൾ ഗുണഭ്ക്തൃസമിതി നിർവ്വഹിക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 50000രൂപയിൽ കൂടുതൽ ചെലവ് വരുന്ന പ്രവൃത്തികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുത്ത് നിർവ്വഹിക്കാമെന്നും സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ മേൽസൂചിപ്പിച്ച പ്രവൃത്തിയിൽ ടി നിബന്ധനകൾ പാലിച്ചിട്ടില്ല. വെറും 37539രൂ. പി.എ.സി. ഉള്ള പ്രോജക്ടിൽ ലംപ്സം തുക 12461രൂ. കൂടി ചേർത്ത് 50000രൂപ അടങ്കൽ എത്തിച്ചിരിക്കയാണ്. കൂടാതെ ടി പദ്ധതിയുടെ പരിപാലനം ഗുണഭോക്തൃസമിതിയാണ് നടത്തുന്നത് എന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സമിതിയുമായി എഗ്രിമെന്റ് ചമച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2)

| | |
|---|---|
| പ്രോജക്ടിന്റെ നം., പേര് | SO 28/21- കളത്തിൽക്കുന്ന് കോളനി കുടിവെള്ള പദ്ധതി വാട്ടർടാങ്ക് പ്ലാറ്റ് ഫോം നിർമാണം. |
| അടങ്കൽ | 260000 |
| ബിൽ വിവരങ്ങൾ | ബിൽ നം. 144/20-3-21, 233584/- |
| കരാറുകാരൻ | രാധാകൃഷ്ണൻ.പി. |
| എം.ബുക്ക് നം. | 2565/21 |
| പി.എ.സി. | 231533 |

ടി പദ്ധതിയുടെ പരിപാലനം ഗുണഭോക്തൃസമിതിയാണ് നടത്തുന്നത് എന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സമിതിയുമായി എഗ്രിമെന്റ് ചമച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

കുടിവെള്ള പദ്ധതികളുടെ തുടർപരിപാലനം ഗുണഭോക്തൃസമിതികളെ ഏൽപ്പിക്കണമെന്നും 50000 രൂപ അടങ്കൽ വരെയുള്ള അറ്റകുറ്റപ്പണികൾ ഗുണഭോക്തൃസമിതികൾ ഗുണഭോക്തൃസമിതികൾ നിർവ്വഹിക്കണമെന്നുള്ള പദ്ധതി മാർഗരേഖയിലെ നിബന്ധനകൾ പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-27 റോഡ് പ്രവൃത്തിയിൽ മരാമത്ത് മാന്വലിലെ നിബന്ധനകൾ പാലിച്ചിട്ടില്ല.

താഴെസൂചിപ്പിക്കുന്ന റോഡ് പ്രവൃത്തിയിൽ മരാമത്ത് മാന്വലിലെ നിബന്ധനകൾ പാലിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം., പേര് | പട്ടത്തിക്കുന്ന് മലച്ചിയിൽ റോഡ് റീടാറിംഗ് ആന്റ് കോൺക്രീറ്റ് |
| അടങ്കൽ | 499000 |
| ബിൽ വിവരങ്ങൾ | 41/20-21, 9-7-2020, Rs. 170746 |
| കരാറുകാരൻ | ഗംഗാധരൻ |
| എം.ബുക്ക് നം. | 41/20-21 |

മേൽസൂചിപ്പിച്ച പ്രവൃത്തിയിൽ 335 മീറ്റർ റോഡ് റീടാറിംഗും 51മീറ്റർ റോഡ് കോൺക്രീറ്റും ആണ് എസ്റ്റിമേറ്റ് പ്രകാരം ചെയ്യാൻ ഉദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ആകെ 56.4 മീറ്റർ റോഡ് കോൺക്രീറ്റ് മാത്രമാണ് പ്രവൃത്തി ചെയ്തിട്ടുള്ളത്. റീടാറിംഗ് പ്രവൃത്തി ബ്ലോക്ക് പഞ്ചായത്ത് നിർവ്വഹിച്ചു എന്ന് എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച് താഴെപ്പറയുന്ന കാര്യങ്ങൾക്ക് വിശദീകരണം നൽകേണ്ടതാണ്.

ബ്ലോക്ക് പഞ്ചായത്തിന് റോഡ് ആസ്തികൾ ഇല്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിന്റെ അനുമതിക്ക് വിധേയമായി മാത്രമേ ബ്ലോക്ക് പഞ്ചായത്തിന് റോഡ് പ്രവൃത്തികൾ നിർവ്വഹിക്കാൻ പാടുള്ളൂ. (മുൻ പിൻതുണ സംവിധാനം). ഇപ്രകാരമുള്ള നിബന്ധനകൾ നിലനിൽക്കേ ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ ബ്ലോക്ക് പഞ്ചായത്ത് പ്രവൃത്തികൾ നിർവ്വഹിച്ചു എന്നും ആയതിനാൽ റീടാറിംഗ് പ്രവൃത്തി ഗ്രാമപഞ്ചായത്തിന് കഴിഞ്ഞില്ല എന്നതും മേൽസൂചിപ്പച്ച നിബന്ധനകളുടെ ലംഘനമായി തീർന്നിരിക്കയാണ്.

കൂടാതെ ശരിയായി സൈറ്റ് പരിശോധന നടത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാലാണ് ഇത്തരത്തിൽ ചെയ്ത പ്രവൃത്തിക്ക് വീണ്ടും എസ്റ്റിമേറ്റ് തയ്യാറാക്കിയത് എന്ന് വ്യക്തമാകുന്നു.

പ്രവൃത്തിയുടെ വലിയൊരു ഭാഗം ഒഴിവാക്കി ടി പ്രവൃത്തി നിർവ്വഹിക്കുമ്പോൾ റിവൈസ്ഡ് എസ്റ്റിമേറ്റ് നിർമിച്ച് ആയതിന് അംഗീകാരം ലഭ്യമാക്കി വേണം പ്രവൃത്തി ചെയ്യേണ്ടത് 2012 ലെ പൊതുമരാമത്ത് മാന്വൽ വ്യക്തമാക്കുന്നു. എന്നാൽ മേൽസൂചിപ്പിച്ച പ്രവൃത്തിയിൽ ഇത്തരം നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

1997ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം) ചട്ടങ്ങൾ പ്രാകാരമുള്ള നിബന്ധനകളും 2012 ലെ പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള നിബന്ധനകളും പാലിച്ച് മരാമത്ത് പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് ശ്രദ്ധചെലുത്തേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യ പത്രം നൽകിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് |
|---|---|---|
| 2019-2020 | 4.04.2022 മുതൽ 21.04.2022 വരെ | അനുബന്ധമായി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നൽകിയ സ്ഥാപനം. | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെപേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-2021 | 6,80,000 | സമഗ്ര നെൽകൃഷി വികസനം | 6,80,000 | Nil |
| ജില്ലാ പഞ്ചായത്ത് | 2020-2021 | 7,48,800 | സമഗ്ര നെൽകൃഷി വികസനം | 7,48,800 | Nil |
| ബ്ലോക്ക് പഞ്ചായത്ത് | 2020-2021 | 1,00,000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി നൽകൽ. | 1,00,000 | Nil |
| ജില്ലാ പഞ്ചായത്ത് | 2020-2021 | 1,00,000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി നൽകൽ. | 1,00,000 | Nil |
| ജില്ലാ പഞ്ചായത്ത് | 2020-2021 | 54,502 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി നൽകൽ | 54,502 | Nil |
| ബ്ലോക്ക് പഞ്ചായത്ത് | 2020-2021 | 1,85,3,833 | ലൈഫ് പദ്ധതി ഭൂമിയുള്ള ഭവന രഹിതർക്ക് ഭവനനിർമ്മാണം(ജനറൽ) | 1,85,3,833 | Nil |
| ജില്ലാ പഞ്ചായത്ത് | 2020-2021 | 1,70,3,871 | ലൈഫ് പദ്ധതി ഭൂമിയുള്ള ഭവന രഹിതർക്ക് ഭവനനിർമ്മാണം(പട്ടിക ജാതി) | 4,00,000 | 13,03,871 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-2021 | 2,69,000 | ശാരീരിക മാനസിക വെല്ലുവിളികൾക്ക് സ്കോളർഷിപ്പ് | 2,69,000 | Nil |
| ജില്ലാ പഞ്ചായത്ത് | 2020-2021 | 2,69,000 | ശാരീരിക മാനസിക വെല്ലുവിളികൾക്ക് സ്കോളർഷിപ്പ് | 2,69,000 | Nil |
| ബ്ലോക്ക് പഞ്ചായത്ത് | 2020-2021 | 2,92,927 | ലൈഫ് പദ്ധതി മൂന്നാം ഘട്ടത്തിൽ നിന്ന് രണ്ടാം ഘട്ടത്തിലേക്ക് വന്ന പട്ടിക ജാതി ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ ധനസഹായം | 2,92,927 | Nil |
| ജില്ലാ പഞ്ചായത്ത് | 2020-2021 | 8,60,000 | ലൈഫ് പദ്ധതി മൂന്നാം ഘട്ടത്തിൽ നിന്ന് രണ്ടാം ഘട്ടത്തിലേക്ക് വന്ന പട്ടിക ജാതി ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ ധനസഹായം | 8,60,000 | Nil |
| ബ്ലോക്ക് പഞ്ചായത്ത് | 2020-2021 | 21,45,453 | എസ്.സി. ഡിപ്പാർട്ട്മെന്റിൽ നിന്നും ലഭ്യമാക്കിയ പട്ടികയിൽ ലൈഫ് സ്കീം മാനദണ്ഡ പ്രകാരമുള്ള പ്രൊജക്റ്റ്. | 3,20,000 | 18,25,453 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കുകൾക്കായി തുകയൊന്നും മുൻകൂർ നൽകിയിട്ടില്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ, വായ്പാ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശം | ഉത്തരവ് നം./തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുള്ള തുക | തൻ വർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കുവാൻ ബാക്കി |
|---|---|---|---|---|---|

| | | | | മുതൽ /പലിശ | |
|---|---|---|---|---|---|
| EMS ഭവന നിർമ്മാണം | 24.03.2010 G.O(P)No.1000/2010 | 11,87,000 | 1,31,940 (മുതൽ) | 1,31,940 | Nil. |
| HUDCO | 18.08.2018 ലെ സ.ഉ(എം.എസ്.)നം.2278/തസ്വഭവ. | 10401244 | 9418824 | 1669491 | 7749333 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ.

ഒന്നുമില്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഇയിനത്തിൽ തൻവർഷം ലഭിച്ച രൂപയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു :

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും, ഉദ്യോഗപ്പേരും | രസീതി നമ്പർ തീയതി |
|---|---|---|---|---|
| 2017-18 | 3-2 | 2,500 | മഞ്ജു.കെ.ആർ. അസിസ്റ്റന്റ് എഞ്ചിനീയർ | 119090100901 7.07.2019 |
| 2017-18 | 16 | 1,126 | സ്റ്റാലിൻ ഗോമസ് മുൻ സെക്രട്ടറി | 119090101271 24.06.2019 |
| 2001-2002 | 3-1 | 3,606 | മുൻ സെക്രട്ടറി, ശ്രീ.ദേവിദാസൻ | 11909010101882 30.06.2019 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 4-1 | 2015-16 | 4.1.1 | തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ പുതുക്കിയ അക്കൗണ്ടിംഗ് സമ്പ്രദായം സംബന്ധിച്ച അവലോകനം | 20.06.2017 ന് മറുപടി സമർപ്പിച്ചിട്ടുണ്ട്. |

## 4-9 ചാർജ്/സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിശദാംശങ്ങൾ

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 1,77,18,571 |
| ഓഡിറ്റ് വർഷത്തെ വരവ് | 8,40,30,293 |
| ആകെ | 1,01,74,8,864 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 8,84,37,144 |
| നീക്കിയിരിപ്പ് | 1,33,11,720 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 24565 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ചാർജ് ചെയ്യാവുന്നവ - ഇല്ല.

സർചാർജ് ചെയ്യാവുന്നവ - ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 24565 | ശ്രീമതി. സത്യഭാമ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| ആകെ | 24565 | |

ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-24 | 7920 | ശ്രീ. സനകൻ, അസി. എഞ്ചിനീയർ |
| 1-25 | 8252 | ശ്രീ. സനകൻ, അസി. എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം - ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. സത്യഭാമ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ | വിരമിച്ചു. | മരക്കംതൊടി, തൃക്കടീരി, പാലക്കാട് |
| ശ്രീ. സനകൻ, അസി. എഞ്ചിനീയർ | വിരമിച്ചു. | പുത്തൻവിള വീട്, നെടുപറമ്പ് (പി.ഓ), ആലങ്ങോട്, തിരുവനന്തപുരം |

4-11 തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിശദാംശങ്ങൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | 408/12/17.02.2012 | 3 |
| 1997-98 | 408/12/17.02.2012 | 7 |
| 1998-99 | 408/12/17.02.2012 | 8 |
| 1999-00 | 408/12/17.02.2012 | 5 |
| 2000-01 | 408/12/17.02.2012 | 14 |
| 2001-02 | 408/12/17.02.2012 | 9 |
| 2002-03 | 408/12/17.02.2012 | 6 |
| 2003-04 | LFP 14/1753 /08/24.10.2009 | 11 |
| 2004-05 | LFP 14/1643/11/29.09.11 | 8 |
| 2005-06 | LFP 14/1643/11/29.09.11 | 6 |
| 2006-07 | LFP 14/58/2009 /26.03.09 | 13 |
| 2007-08 | LFP16 /2024/12/16.07.13 | 7 |
| 2008-09 | LFP16/612/12/16.08.13 | 10 |
| 2009-10 | LFP16/1298/13/05.02.14 | 12 |
| 2010-11 | LFP16/1298/13/05.02.14 | 13 |
| 2011-12 | LFP16/1275/14/07.10.14 | 12 |
| 2012-13<br>2013-14<br>2014-15 | KSA-PKD-P16/1236/16/ 20.07.16 | 19 |
| 2015-16 | KSA PKD-16-1885/16 /5-10-16 | 14 |
| 2016-17 | KSA PKD-16/1652/2017 Dt.25-08-17 | 30 |
| 2017-18 | KSA PKD-16/313/2019 Dt.12-04-19 | മുഴുവൻ ഖണ്ഡികകളും |
| 2018-19 | KSA PKD-16/1413/2019 Dt.4-5-2020 | മുഴുവൻ ഖണ്ഡികകളും |
| 2019-20 | KSA PKD-16/1187/2022 Dt.13-07-2022 | മുഴുവൻ ഖണ്ഡികകളും |

അവശേഷിക്കുന്ന തടസ്സവാദങ്ങൾ തീർപ്പാക്കുന്നതിന് അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ ചളവറ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ ചളവറ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## 3

## വാർഷിക കണക്കുകളുടെ സംക്ഷിപ്തം.

| | | | |
|---|---|---|---|
| | Chalavara Grama Panchayat<br>BALANCE SHEET | | |
| | For the period from 01-April-2020 to 31-March-2021 | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 15746609.48 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or<br>Agency Fund | B-2 | 685554.00 |
| 312000000 | Reserves | B-3 | 58537803.00 |
| | Total Reserve & Surplus | | 74969966.48 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 12711494.00 |
| | Total Grants, Contributions for Specific Purposes | | 12711494.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 7749333.00 |
| | Total Loans | | 7749333.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 489485.00 |
| 350000000 | Other Liabilities | B-9 | 1753713.52 |
| | Total Current Liabilities and Provisions | | 2243198.52 |
| | TOTAL LIABILITIES | | 97673992.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 84458062.00 |
| 411000000 | Accumulated Depreciation | B-11 | -15334317.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 69123745.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 6937341.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 7749333.00 |
| 450000000 | Cash and Bank Balance | B-17 | 13311720.00 |
| 460000000 | Loans, Advances and Deposits | B-18 | 551853.00 |
| | Total Current Assets, Loans and Advances | | 0.0 |
| | Total Current Assets, Loans and Advances | | 28550247.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 97673992.00 |

ഡെപ്യൂട്ടി ഡയറക്ടർ

| | | | |
|---|---|---|---|
| | Chalavara Grama Panchayat<br>INCOME & EXPENDITURE STATEMENT | | |
| | For the period from 01-April-2020 to 31-March-2021 | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 3613836.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 2500.00 |
| 140000000 | Fee & User Charges | I-4(b) | 1445612.00 |
| 150000000 | Sale & Hire Charges | I-5(b) | 715759.00 |
| 160000000 | Revenue Grants, Funds, Contributions & Compensations /<br>Subsidies | I-6 | 140076885.00 |
| 171000000 | Interest Earned | I-8 | 215232.00 |
| 180000000 | Other Income | I-9 | 3000.00 |
| | Total Income | | 146072824.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 9402955.00 |
| 220000000 | Administrative Expenses | I-11(b) | 1444458.00 |
| 230000000 | Operations & Maintenance | I-12(b) | 1956161.00 |
| 240000000 | Interest & Finance Charges | I-13 | 690.00 |
| 250000000 | Decentralised Plan Programme-Productive Sector /<br>Programme Expenses | I-14 | 6700642.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 41965579.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 5926516.00 |
| 253000000 | Decentralised Plan Programme-Projects not included in<br>Sector Division | I-14(c) | 1822128.00 |
| 254000000 | Expenditures of Transfered Institutions and State Sponsored<br>Schemes (not included under Decentralized Plan Programme) | I-14(d) | 54529755.00 |
| 255000000 | Maintenance Projects | I-14(e) | 21337736.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 10300.00 |
| 260000000 | Grants, Contributions & Compensation from Own Fund /<br>Subsidies | I-15 | 200000.00 |
| 272000000 | Depreciation | I-17(a) | 770039.00 |
| | Total Expenditure | | 146066959.00 |
| | Gross Surplus/ Deficit of income over Expenditure | | 5865.00 |
| 280000000 | Prior Period Item | I-18 | -38812.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 44677.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

ഡെപ്യൂട്ടി ഡയറക്ടർ

| | | | |
|---|---|---|---|
| | Chalavara Grama Panchayat<br>RECEIPT & PAYMENT STATEMENT | | |
| | For the period from 01-April-2020 to 31-March-2021 | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 17718571.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 819120.00 |
| 130000000 | Rental income from Panchayat Properties | RP-3 | 2500.00 |
| 140000000 | Fees & User Charges | RP-4 | 1250164.00 |
| 150000000 | Sale & Hire Charges | RP-5 | 715759.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 69400933.00 |
| 171000000 | Interest Earned | RP-9 | 215232.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 7672424.00 |
| 340000000 | Deposits Received | RP-34 | 17500.00 |
| 350000000 | Other Liabilities | RP-36 | 99031.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 3000.00 |
| 311000000 | Earmarked Funds | RP-29 | 26292.00 |
| 330000000 | Secured Loans | RP-32 | 700000.00 |
| 340000000 | Deposits Received | RP-34 | 137224.00 |
| 350000000 | Other Liabilities | RP-36 | 224450.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 2664562.00 |
| 460000000 | Loans, Advances and Deposits | RP-47 | 82102.00 |
| | Grand total | | 101748864.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3039715.00 |
| 220000000 | Administrative Expenses | RP-12 | 1086588.00 |
| 230000000 | Operations & Maintenance | RP-13 | 1956161.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 6649142.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 21783118.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 5926516.00 |
| 253000000 | Decentralised Plan Programme- Projects not included in | RP-18 | 1263280.00 |
| | Sector Division | | |
| 254000000 | Expenditures of Transferred institutions and State Sponsored<br>Schemes | RP-19 | 663055.00 |
| 255000000 | Maintenance Projects | RP-20 | 21337736.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 10300.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 200000.00 |
| 280000000 | Prior Period item | RP-26 | -22630.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 2502421.00 |
| 340000000 | Deposits Received | RP-34 | 2500.00 |
| 350000000 | Other Liabilities | RP-36 | 6554853.00 |
| | Non Operating | | |

| | | | |
|---|---|---|---|
| 240000000 | Interest & Finance Charges | RP-14 | 690.00 |
| 280000000 | Prior Period Item | RP-26 | -18140.00 |
| 340000000 | Deposits Received | RP-34 | 82769.00 |
| 350000000 | Other Liabilities | RP-36 | 1172416.00 |
| 410000000 | Fixed Assets | RP-38 | 5737740.00 |
| 412000000 | Capital work in Progress | RP-40 | 230334.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 6629537.00 |
| 460000000 | Loans, Advances and Deposits | RP-47 | 1649043.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 13311720.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 101748864.00 |

ഡെപ്യൂട്ടി ഡയറക്ടർ